
# പത്രാധിപർക്ക് ഒരു കത്ത്

പ്രിയപ്പെട്ട മണി,

"കലാകൗമുദി"യിലേക്കു് ഒരു ലേഖനം ആവശ്യപ്പെട്ടിട്ടു് ഏതാനും മാസങ്ങളായെങ്കിലും ഇതുവരെ ഒന്നും അയച്ചുതരുവാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു. താല്പര്യം തോന്നാത്തതുകൊണ്ടോ പഴയ ബന്ധങ്ങൾ മറന്നതുകൊണ്ടോ അല്ല. ഒരു പുതിയ സ്ഥലത്തുവന്നു് താമസം ഉറപ്പിക്കുന്നതിൻെറ പ്രശ്നങ്ങളും പ്രയാസങ്ങളും ഊഹിക്കാമല്ലൊ. ഞങ്ങൾ ഇവിടെ വന്നിട്ടു് ഒരുവർഷം പൂർത്തിയായെങ്കിലും ഇനിയും ആ പ്രയാസങ്ങളെല്ലാം തീർന്നു എന്നു പറഞ്ഞുകൂടാ. എന്നാലും ഒരു പരാതിക്കും അവകാശമില്ല. ഇവിടത്തെ ജീവിതം സുഖമാണു്. ജനങ്ങൾ സ്നേഹമുള്ളവരും നല്ലവരുമാണു്. എല്ലാ സഹായങ്ങളും സന്തോഷത്തോടെ നൽകുകയും ചെയ്യുന്നു. ഫാമിലി പ്ളാനിംഗ് അസോസിയേഷൻ ഓഫ് ഇന്ത്യ എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ 1971 മുതൽക്കു് ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന ജനസംഖ്യാവിദ്യാഭ്യാസപ്രവർത്തനം ഇവിടെയും തുടരുകയാണു്. ആരോഗ്യവകുപ്പിൻെറയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പൊതുജനസംഘടനകളുടെയും പരിപൂർണ്ണമായ സഹകരണം ഈ വിഷയത്തിൽ ലഭിക്കുന്നുണ്ടു്. സാഹിത്യസാംസ്കാരിക രംഗങ്ങളിലും ധാരാളം പ്രവർത്തനമുണ്ടു്. അല്പം കൃഷിയും പശുവിനെ വളർത്തലും മററും തുടങ്ങണമെന്നു് ആഗ്രഹിച്ചിരുന്നെങ്കിലും അതൊന്നും ഈ പ്രായത്തിൽ, ഇന്നത്തെ ചുററുപാടുകളിൽ സാദ്ധ്യമല്ലെന്നു് ബോദ്ധ്യമായി. ആയുഷ്കാലം മുഴുവനും കടലാസുതിന്നും മഷി കുടിച്ചും ജീവിച്ചവനെ മറെറാന്നിനും കൊള്ളുകയില്ല. അവൻെറ ജീവിതം "പറമ്പ് ഇൻഡസ്ട്രി"യിൽ ലയിക്കുകയല്ലാതെ മററു പോംവഴിയില്ല. ആധുനിക വിദ്യാഭ്യാസത്തിൻെറയും അഭ്യസ്തവിദ്യർ സ്വീകരിക്കുന്ന ഉപജീവനമാർഗ്ഗങ്ങളുടെയും അനിവാര്യമായ ഫലമാണിതു്.



ഇപ്പറഞ്ഞതിൽ സങ്കടം ധ്വനിച്ചുവോ എന്നു സംശയിക്കുന്നു. അതു് ഉദ്ദേശിച്ചതല്ല. എനിക്കു് ഒരു സങ്കടത്തിനും കാരണമില്ല. വിദ്യാഭ്യാസംകൊണ്ടു് വളരെ

**ജീവിതാനുഭവങ്ങളെ തിരിഞ്ഞുനോക്കുന്ന ഒരു സ്വകാര്യാനുസ്മരണമാണ് പത്രാധിപർക്കുള്ള ഈ കത്തു്. ആത്മഭാഷണത്തിൻെറ തീവ്രതയുള്ള ഈ കുറിപ്പ് ലോക സംഭവങ്ങളിലേക്കുള്ള ഒരു പര്യടനം കൂടിയാണു്.**

ഗുണം കിട്ടിയ ഒരു ജീവിതമാണു് എൻേറതു്. പഠിക്കാൻ പോകാതിരുന്നെങ്കിൽ പൂർവ്വികന്മാരെപ്പോലെ നാട്ടിൻപുറത്തു് കൃഷിയും കഷ്ടപ്പാടുമായി കഴിയേണ്ടിവരുമായിരുന്നു. അതോർക്കുമ്പോൾ ജഗന്നിയന്താവിനോടു് എന്തെന്നില്ലാത്ത കൃതജ്ഞത തോന്നുന്നു. ജഗന്നിയന്താവിനോടു മാത്രമല്ല, ഈ രാജ്യത്തെയും വിദേശത്തെയും ഉദാരമതികളായ ജനങ്ങളോടും. അവരുടെ മഹാമനസ്കത കൊണ്ടാണല്ലൊ ആധുനിക കാലത്തു് എല്ലാവരും വിദ്യാഭ്യാസം നേടുന്നതു്. സ്കോളർഷിപ്പും ഫെല്ലോഷിപ്പും അന്യരാജ്യക്കാരുടെ അവാർഡും ആതിഥ്യവും മാത്രമല്ല ഇതിലെ വിവക്ഷിതം. വിദ്യാലയങ്ങളും കലാശാലകളും സർവ്വകലാശാലകളും ജനങ്ങളുടെ പണം കൊണ്ടാണല്ലൊ നടത്തപ്പെടുന്നതു്. വിദ്യാഭ്യാസം ജന്മാവകാശമാണെന്നു് പറഞ്ഞതുകൊണ്ടായില്ല. ആ ജന്മാവകാശം നേടുന്നതിനുവേണ്ട സൗകര്യമുണ്ടാകണമെങ്കിൽ ജനങ്ങൾ ത്യാഗം സഹിക്കണം. അവരിൽനിന്നു്—ഉള്ളവനിലും ഇല്ലാത്തവനിലുംനിന്നു് ഒപ്പം—വില്പന നികുതിയെന്നും ഭൂനികുതിയെന്നും ആദായനികുതിയെന്നും എക്സൈസ് ഡ്യൂട്ടിയെന്നും പല പേരുകളിൽ ഞെക്കിപ്പിഴിഞ്ഞെടുക്കുന്ന പൊതുമുതലിൽനിന്നാണു് ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും നടത്തുന്നതിനും വേണ്ട ഭാരിച്ച പണച്ചെലവിനു് സൗകര്യമുണ്ടാകുന്നതു്. വിദ്യാർത്ഥികൾ നൽകുന്ന ഫീസ് ഇതിൻെറ എത്രയോ തുച്ഛമായ ഒരംശം മാത്രമേ ആകുന്നുള്ളു. 1-6-1971-ലെ 'കേരളകൗമുദി'യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു കണക്കനുസരിച്ചു് കേരളത്തിൽ സംസ്ഥാനഗവൺമെൻറ് ഓരോ പ്രൈമറി സ്ക്കൂൾ വിദ്യാർത്ഥിക്കും വേണ്ടി വർഷംതോറും 80 രൂപയും, ഓരോ സെക്കൻഡറി വിദ്യാർത്ഥിക്കും വേണ്ടി 150 രൂപയും ചെലവാക്കുന്നുണ്ടായിരിക്കണം. ഇതു് പത്തുവർഷം പഴക്കമുള്ള കണക്കാണു്. ഇന്നു് ഒരുപക്ഷേ, അതു് ഇരട്ടിയായിട്ടുണ്ടാവും. ഏതായാലും ഇതു വെറും നടപ്പുചെലവുമാത്രമാണു്. മുടക്കു ചെലവും മുടിക്കുന്ന ചെലവും (ബസ്സുകൾ തീവെയ്ക്കുകയും വിദ്യാലയങ്ങൾ തല്ലിപ്പൊളിക്കുകയും ചെയ്യുന്നതുമൂലമുള്ള നഷ്ടം) യാത്രാ സൗജന്യങ്ങൾ നൽകുന്നതിൻെറ ചെലവും ഇതിനു പുറമെ കണക്കാക്കണം. ഉന്നത വിദ്യാഭ്യാസത്തിൻെറയും സാങ്കേതിക വിദ്യാഭ്യാസത്തിൻെറയും ചെലവു നോക്കിയാൽ അന്ധാളിച്ചു പോകും. ഒരു മെഡിക്കൽ ബിരുദധാരിയെ വാർത്തെടുക്കുന്നതിനു് പ്രത്യക്ഷമായും പരോക്ഷമായും വേണ്ടിവരുന്ന എല്ലാ ചെലവുകളും കൂട്ടിനോക്കിയാൽ അഞ്ചു ലക്ഷം രൂപയിൽ കുറയാത്ത തുകയാകുമെന്നു് ആരോ എഴുതിയിരുന്നതോർക്കുന്നു. ഇതോർക്കുമ്പോൾ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ മക്കളെ ചേർക്കുന്നതിനു് രക്ഷാകർത്താക്കൾ ഒന്നര ലക്ഷവും രണ്ടുലക്ഷവും രൂപ സംഭാവന നൽകുന്നതു് തെററല്ലെന്നു തോന്നിപ്പോകുന്നു!

ഇങ്ങനെ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും അതിനപ്പുറത്തെ വിദ്യാഭ്യാസവും നേടിയ നമ്മളെല്ലാം സമൂഹത്തോടു് ഒരു കടപ്പാടുമില്ല എന്ന മട്ടിലാണു് പെരുമാറുന്നതു്. ഇതു് ലജ്ജാവഹമാണെന്നു പറഞ്ഞാൽ പോരാ. നന്ദികേടും അധർമ്മവും മഹാപാപവുമാണു് എന്നുകൂടി പറയണം. പാശ്ചാത്യമാതൃകയിലുള്ള ഈ പുതിയ വിദ്യാഭ്യാസം ഇന്ത്യാരാജ്യത്തു് ആരംഭിച്ചിട്ടു് 150



Digitized by Kerala Sahitya Akademi

**ഡോ: കെ. ഭാസ്കരൻ നായർ**

വർഷം ആയിരിക്കുന്നു. ഈ രാജ്യത്തിനുണ്ടായ ഉൽക്കർഷവും പുരോഗതിയും മുഴുവനും അതിലൂടെ കൈവന്നതാണെന്നു് പറയുന്നവരുണ്ടു്. ശരിയായിരിക്കാം. നാം ഉപഗ്രഹം വിക്ഷേപിക്കുകയും വിമാനം നിർമ്മിക്കുകയും അണക്കെട്ടുകളുണ്ടാക്കുകയും റേഡിയോയും ടെലിവിഷനും പ്രചരിപ്പിക്കുകയും രാജസ്ഥാൻ മരുഭൂമിയിൽ അണുസ്ഫോടനം നടത്തുകയും ചെയ്തില്ലേ? എന്നാലും, സ്വാതന്ത്ര്യ പ്രാപ്തിയുടെ പുലർവേളയിൽ ഗവർണ്ണർ ജനറലായിരുന്ന രാജഗോപാലാചാരി (അദ്ദേഹത്തിന്റെ ജന്മശതാബ്ദിയാണ്; ആദരാഞ്ജലികൾ!) ബോംബെയിലെ ഒരു വിദ്യാഭ്യാസ സമ്മേളനത്തിൽവച്ച് അവിടെക്കൂടിയിരുന്ന വിദഗ്ദ്ധന്മാരോട് ചോദിച്ച ചോദ്യം ഇന്നും പ്രസക്തമാണ്: "ആരാണ് ഈ രാജ്യത്തെ ദൈനംദിന ജീവിതം നിലനിറുത്തുന്നത്? നിങ്ങൾ സ്ഥാപിക്കുകയും അടിക്കടി വികസിപ്പിക്കുകയും ചെയ്യുന്ന വിദ്യാലയങ്ങളിൽ ചേർന്ന് പുസ്തകം കരളുവാൻ പഠിച്ചിട്ടുവരുന്ന ആളുകളാണെന്നാണോ വിചാരം? അങ്ങനെയാണെങ്കിൽ ആ വിചാരം അടിസ്ഥാനരഹിതമാണ്. ആരാണ് നിലമുഴുകയും വിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്നത്? ആരാണ് മുണ്ടു നെയ്യുന്നത്? ആട്ടുമാടുകളെ മേയ്ക്കുന്നത്? പുരമേയുന്നത്? ഈ രാജ്യത്തെ വമ്പിച്ച ജനസമൂഹത്തിന്റെ പ്രാണനെ പുലർത്തുന്ന ഈ കൃത്യങ്ങൾ ചെയ്യുന്നത് സ്കൂളിൽ പോയവരല്ല. അക്ഷരവിദ്യയും പുസ്തകജ്ഞാനവും നേടിയവരല്ല. ജീവിതത്തിൽ അതിമോഹങ്ങളില്ലാതെ, കഷ്ടപ്പെടുവാൻ മാത്രം വിധിക്കപ്പെട്ട്, ഉള്ളതുകൊണ്ടു് തൃപ്തിപ്പെടുവാൻ ശ്രമിച്ച്, അച്ഛനമ്മമാരെ കണ്ടു പഠിച്ചും സഹായിച്ചും ജീവിതായോധനത്തിന് പരിശീലനം നേടി ഭാഗ്യഹീനരായി വളർന്നുവന്ന കോടിക്കണക്കിലുള്ള കുഞ്ഞുങ്ങളാണ് അതിപ്രധാനമായ ഈ അത്യാവശ്യ കാര്യങ്ങൾ നിറവേറ്റുന്നത്. അവരുടെ എളിയ പാർപ്പിടങ്ങൾ വീടെന്നതുപോലെ വിദ്യാലയങ്ങളുമാകുന്നു. സഹസ്രാബ്ദങ്ങളായി നിലനിന്നുപോരുന്ന ഈ പാരമ്പര്യത്തെ ഇല്ലാതാക്കി സ്കൂൾ വിദ്യാഭ്യാസം സാർവ്വത്രികമാക്കി ഈ മഹാരാജ്യത്തെ രക്ഷിക്കാമെന്ന് മൂഢന്മാർ മാത്രമേ വിശ്വസിക്കുകയുള്ളൂ."



മുപ്പതുവർഷത്തെ വിദ്യാഭ്യാസ പ്രചാരണം, ക്രാന്തദർശിയായ ആ രാജ്യസ്നേഹിയുടെ അശുഭാശങ്കകളെ സാധൂകരിച്ചിരിക്കുകയാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ച അടിസ്ഥാനവസ്തുതകളെല്ലാം വിഗണിച്ച് വെറും അക്ഷരജ്ഞാനത്തിന്റെ കാര്യം മാത്രം നോക്കിയാലും അങ്ങേയറ്റത്തെ സങ്കടത്തിനേ വകയുള്ളൂ. ഇന്ന് ഈ രാജ്യത്തു ജീവിക്കുന്ന അറുപത്തിനാലു കോടി ജനങ്ങളിൽ നാല്പതുകോടിയും നിരക്ഷരരാണ്. ലോകത്തിൽ ആകെയുള്ള നിരക്ഷരരിൽ നേർപകുതിയാണിതു്. വിദ്യാഭ്യാസവിഷയത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽപ്പോലും അറുപതു ശതമാനം സാക്ഷരത്വമേ നേടുവാൻ കഴിഞ്ഞിട്ടുള്ളൂ. സംസ്ഥാനത്തിന്റെ വരുമാനത്തിൽ നേർപകുതിയോളം ചെലവഴിച്ചിട്ടും ഇതാണ് അനുഭവം! നമ്മുടെ ഔപചാരികമായ വിദ്യാഭ്യാസയത്നത്തെ പൊതുമുതൽ ചെലവുചെയ്ത് ഇതിൽക്കൂടുതൽ വികസിപ്പിക്കുവാൻ സാധിക്കുമോ എന്ന് ഞാൻ ബലമായി സംശയിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസമെന്നും വയോജന വിദ്യാഭ്യാസമെന്നും പറയുന്ന പ്രസ്ഥാനങ്ങളെപ്പറ്റി ഇപ്പോൾ



കേട്ടുതുടങ്ങിയിരിക്കുന്ന കോലാഹലങ്ങൾ ഈ സ്ഥിതിവിശേഷത്തിന്റെ ഫലമായിരിക്കാം. വിദ്യാഭ്യാസം നേടുന്നതിന് സ്കൂൾ വേണം, അദ്ധ്യാപകർവേണം, ഉപകരണങ്ങൾ വേണം, പുസ്തകങ്ങൾ വേണം, അങ്ങനെ പലതും വേണം. അതിനെല്ലാം വളരെയധികം പണച്ചെലവുണ്ടു്. ചരിത്രപരമായ കാരണങ്ങളാൽ മററുള്ളവരെക്കാൾ മുമ്പേ വേണ്ടുവോളം വിഭവശേഷിയും മൂലധനവും നേടി ഉൽക്കർഷം പ്രാപിച്ച് അതു നിലനിറുത്തുന്നതിനുവേണ്ട ആയുധശക്തിയും സമ്പാദിച്ച രാഷ്ട്രങ്ങൾക്ക് പ്രാഥമികവിദ്യാഭ്യാസം സാർവ്വത്രികമാക്കുവാനും സമ്പൂർണ്ണമായ സാക്ഷരത്വം കൈവരുത്തുവാനും സാധിച്ചിട്ടുണ്ട്. പക്ഷേ, അതിനുമുകളിലേക്കുള്ള വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അവരുടെ സ്ഥിതിയും പരുങ്ങലിലാണ്. വിദ്യാസമത്വം അവർക്കും ഒരു മോഹനസ്വപ്നമായി ശേഷിക്കുന്നതേയുള്ളൂ. ഉന്നതവിദ്യാഭ്യാസം നേടുവാനും, അതു നേടിക്കഴിഞ്ഞാൽ യോഗ്യതയ്ക്കു തക്ക തൊഴിലുകിട്ടുവാനും എല്ലാ യുവജനങ്ങൾക്കും ആഗ്രഹമുണ്ടു്. ഒന്നു നോക്കിയാൽ അതും ഒരു ജന്മാവകാശമായി കരുതാവുന്നതല്ലേ?

ഈ ഭുവനഗോളത്തിൽ ഏതു രാജ്യത്താണ് അതിനു സൗകര്യമുള്ളത്? സമ്പൽസമൃദ്ധിയുടെ കാര്യത്തിൽ ലോകരാഷ്ട്രങ്ങളുടെ ഇടയ്ക്ക് മൂന്നാംസ്ഥാനത്തു നിൽക്കുന്ന പശ്ചിമ ജർമ്മനിയിൽ സർവ്വകലാശാലാ വിദ്യാഭ്യാസത്തിനുവേണ്ടി ഇരച്ചുകയറുന്ന യുവജനങ്ങളുടെ തിരക്കുകൊണ്ട് ഗവണ്മെൻറിനു് പൊറുതിമുട്ടിയിരിക്കുന്നു എന്നു പറയുന്നു. അതികഠിനമായ മൽസരപ്പരീക്ഷകൾ ഏർപ്പെടുത്തി ഈ പ്രയാസത്തെ തരണം ചെയ്യുവാൻ അവർ ശ്രമിക്കുകയാണ്. അവയുടെ നിഷ്പക്ഷതയെ മാത്രമല്ല, സാധുതയെയും ന്യായ്യതയെയുംകൂടി ജനങ്ങൾ ചോദ്യം ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. ഏതു മണികെട്ടിയ വിദഗ്ദ്ധൻ നടത്തുന്ന മൽസരപ്പരീക്ഷയും, താത്ത്വികമായിത്തന്നെ, പക്ഷപാതദൂഷിതമാണെന്നു തെളിയിക്കുവാൻ സാധിക്കും. ചില ചില സാഹചര്യങ്ങളിൽ വളർന്ന പരീക്ഷ്യന്മാർക്ക് അവയിൽ അവിഹിതമായ ആനുകൂല്യം ലഭിക്കും. അതു് മററുള്ളവരിൽ അസംതൃപ്തിയും ജനിപ്പിക്കും. വിത്തത്തിലും വിദ്യയിലും മാത്രമല്ല ഒരു വിഷയത്തിലുംമേലുകീഴില്ലാത്ത ഒരു ജനസമൂഹത്തെ വളർത്തിയെടുക്കുവാൻ പരമാവധി പരിശ്രമിക്കുകയും വളരെയധികം വിജയിക്കുകയും ചെയ്ത കമ്മ്യൂണിസ്റ്റു ചൈനയിൽ, മാവോ മരിച്ചതിനുശേഷം കഴിഞ്ഞ രണ്ടേ രണ്ടു വർഷത്തിനിടയ്ക്ക്, സ്ഥിതിഗതികൾ സമൂലം മാറിക്കഴിഞ്ഞിരിക്കുന്നു എന്ന റിപ്പോർട്ടുകൾ കണ്ടില്ലേ? മഹാനായ ആ രാജ്യതന്ത്രജ്ഞൻ, ആശാപാശമററവരും സ്വാർത്ഥലോഭം കൈവെടിഞ്ഞ്, ഉറുമ്പുകളെപ്പോലെ, സമൂഹത്തിന്റെ നന്മയ്ക്കായി മാത്രം ജീവിക്കുന്നവരുമായ ഒരു പുതിയതരം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ ആജന്മശത്രുക്കളായ അമേരിക്കക്കാർപോലും വാഴ്ത്തിയതു്. അതെല്ലാം പുറംപൂച്ചായിരുന്നു എന്ന് ഇതാ തെളിഞ്ഞിരിക്കുന്നു. പട്ടിയുടെ വാലു് കുഴലിലിട്ട പഴയ കഥതന്നെ! ത്യാഗബുദ്ധിയും സമത്വബോധവും ലളിതജീവിതവും എല്ലാം അപ്രത്യക്ഷമാവുകയാണ്. ഉന്നതവിദ്യാഭ്യാസത്തിനും ശ്രേഷ്ഠമായ തൊഴിലിനും വേണ്ടി മൽസരപ്പരീക്ഷയും തിരഞ്ഞെടുപ്പും ഏർപ്പെടുത്തിക്കഴിഞ്ഞു. അവയുടെ നേർക്കുള്ള പ്രതിഷേധവും ആരംഭിച്ചിട്ടുള്ളതായി റിപ്പോർട്ടുണ്ട്. തങ്ങൾ മററുള്ളവരെക്കാൾ കേമന്മാരാണെന്നും രാജ്യത്തിന്റെ ഭാഗ്യവിധാതാക്കളാണെന്നും ഭാവിച്ച് ഞെളിഞ്ഞു നടക്കുന്ന ഒരു അഭിജ്ഞവർഗ്ഗവും ഇതിനകം തന്നെ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നുവത്രെ. അവരിനി "പല്ലക്കിലേറണമെന്നും എന്മകൻ ചുമക്കണമെന്നും" നിർബ്ബന്ധിക്കുവാൻ താമസമില്ല.

സാമൂഹിക മനുഷ്യന്റെ ദുരാഗ്രഹത്തിനും പരദ്രോഹത്തിനും അറുതി വരുത്തുവാൻ അററകൈയായ പ്രത്യൗഷധമായി നിലവിൽ വന്ന കമ്മ്യൂണിസവും പരാജയപ്പെട്ടിരിക്കുന്നു എന്നല്ലാതെ മററെന്താണ് ഇതിന്റെ അർത്ഥം? യൂറോപ്പിൽ അതിന്റെ പൂച്ച തെളിഞ്ഞിട്ടുണ്ട്. പല വർഷങ്ങളായി, ത്യാഗമല്ല, ഭോഗംതന്നെ




Digitized by Kerala Sahitya Akademi

യാണ് തങ്ങളുടെ ലക്ഷ്യമെന്ന് അവരിന്നപ്പോൾ തുറന്നുപറയുന്നു. തുല്യതയിൽ അധിഷ്ഠിതമായ വ്യവസ്ഥിതിയാണെങ്കിലും, എല്ലാവർക്കും തുല്യമായ ഭോഗം ലഭിക്കുവാൻ സൗകര്യമില്ലാത്തതുകൊണ്ട് ''ചിലർ കൂടുതൽ തുല്യത'' നേടുന്നു; അത്രതന്നെ. രാജ്യനീതിയുടെയും സമ്പദ് വ്യവസ്ഥയുടെയും സാങ്കേതിക വശങ്ങൾ എന്തായാലും, സാധാരണ മനുഷ്യനെ സംബന്ധിച്ചിടത്തോളം, ദൈനംദിന ജീവിതത്തിന്റെ മുഖച്ഛായയിലും മൂല്യങ്ങളിലും മോസ്കോയും ന്യൂയോർക്കും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നാണ് രണ്ടുദിക്കിലും താമസിച്ചിട്ടുള്ളവർ പറയുന്നത്. ആളുടെ കഴുത്തറുത്തും അമിതഭോഗംനേടുവാനുള്ള വ്യഗ്രതയും പരക്കംപാച്ചിലും രണ്ടിടത്തും ഒരുപോലെ കാണാമത്രെ. ചൈനക്കാരന്റെ കടകം മറിച്ചിലാണ് ഏററവും അദ്ഭുതകരവും അത്രത്തോളം തന്നെ പരിഹാസ്യവുമായിരിക്കുന്നത്. അവിടെ കൊക്കാകോളയും ഷാംപെയ്നും ഒഴുകുവാൻ തുടങ്ങിയിരിക്കുന്നു. നിശാക്ലബ്ബുകൾ തുറക്കപ്പെടുന്നു. അന്യരാജ്യക്കാർ അനുഭവിക്കുന്ന ജീവിതസുഖങ്ങൾ തങ്ങൾക്കും കിട്ടണമെന്ന് ജനങ്ങൾ മുറവിളികൂട്ടുന്നു. ചൈനയുടെ ആധുനികവല്ക്കരണം എന്നാണ് ഈ പുതിയ ആവേശത്തിന് നൽകിയിരിക്കുന്ന പേര്. ഇതൊരു സാങ്കേതികപദമായിട്ടാണ് ഭരണാധികാരികൾ ഉപയോഗിക്കുന്നതെങ്കിലും അതിന്റെ അർത്ഥം പാശ്ചാത്യവൽക്കരണം എന്നുതന്നെയാണെന്നുള്ളതിൽ സംശയമേയില്ല. തൊണ്ണൂറുകോടി ജനങ്ങളുടെ ഭയാനകമായ ഈ ഭോഗലിപ്സയെ മാവോ സെ തുങ് ഒരു തലമുറക്കാലം എങ്ങനെ അടക്കിവച്ചു എന്നാണ് മനസ്സിലാകാത്തത്. നിഷ്പക്ഷമതികളെന്നും കുശാഗ്രബുദ്ധികളെന്നും പേരുകേട്ട എത്രയോ വിദേശീയ നിരീക്ഷകർ വീണ്ടും വീണ്ടും അങ്ങേയററത്തെ അദ്ഭുതാദരങ്ങളോടെ വർണ്ണിച്ച മാവോ വിപ്ലവം ഒരു മിഥ്യയായിരുന്നുവോ? അവർ ആ രാജ്യത്തെ ജനങ്ങളിൽ ദർശിച്ചതായിപ്പറഞ്ഞ പുതിയ ജീവിതമൂല്യങ്ങൾ ഉരുക്കുമുഷ്ടി പ്രയോഗിച്ച് അടിച്ചേല്പിച്ചതായിരുന്നുവോ? ഇതിന്റെ സത്യസ്ഥിതി വളരെക്കാലം കഴിഞ്ഞതിനു ശേഷമേ വെളിപ്പെടുകയുള്ളു.

ഏതായാലും പാശ്ചാത്യരാജ്യക്കാർ—, വിശേഷിച്ചും, അമേരിക്കക്കാർ—ആണ് ചരിത്രത്തിന്റെ ഈ ആന്ദോളനത്തിൽ ഏററവും കൂടുതൽ സന്തോഷിക്കുന്നത്. രാഷ്ട്രീയവും, സൈനികവും, സാമ്പത്തികവുമായ കാരണങ്ങളാൽ മാത്രമല്ല. അറബിരാജ്യങ്ങളിൽ സംഭവിച്ചതുപോലെ ആധുനികവല്ക്കരണത്തിന്റെ ലാഭമെല്ലാം അവർക്കു കിട്ടും എന്നുള്ള മധുരപ്രതീക്ഷകൾ കൊണ്ടുമല്ല. ശുദ്ധമേ തത്ത്വജ്ഞാനപരമായ ഒരു വലിയ സംതൃപ്തിയും അവർക്കു ലഭിക്കുന്നുണ്ടെന്നുള്ളത് തീർച്ചയാണ്. തങ്ങളുടെ ജീവിതവീക്ഷണമാണ് ഏററവും ശരിയായിട്ടുള്ളതെന്നും, അതുകൊണ്ടുതന്നെ ശ്രേഷ്ഠമായിട്ടുള്ളതെന്നും, അത് ഇന്നല്ലെങ്കിൽ നാളെ സമസ്തലോകവും സ്വീകരിക്കണമെന്നും, സ്വീകരിക്കുമെന്നും, നാലു നൂററാണ്ടുകാലമായി അവർ വിശ്വസിച്ചുപോരുന്നു. അതിനെ ആദ്യമായി വെല്ലുവിളിച്ചത് ഗാന്ധിയാണ്. പക്ഷേ, ആ മഹാപുരുഷൻ പ്രചരിപ്പിച്ച എതിർ സംസ്കാരം തകരുവാൻ ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രാപ്തിവരെ മാത്രമേ പാശ്ചാത്യ രാജ്യക്കാർക്ക് കാത്തിരിക്കേണ്ടി വന്നുള്ളു. പിന്നെയാണ് മാവോയുടെ വെല്ലുവിളിവന്നത്. അതു കുറെക്കൂടി ആഴത്തിൽ വേരിറങ്ങിയ ഒരു വിശ്വാസത്തിന്റെ ഫലമാണെന്നും എളുപ്പമെന്നും ഇളകുകയില്ലെന്നും അവർ ശങ്കിക്കുകയുണ്ടായി. ഇപ്പോഴിതാ അതും തകർന്നിരിക്കുന്നു. ഒരു സംശയവും വേണ്ട. ഈ പരമാനന്ദത്തിന്റെ ഉത്സാഹ പ്രകർഷം കൊണ്ടുകൂടിയാണ് അമേരിക്ക ഇത്രപെട്ടെന്ന് ചൈനയുമായി സഖ്യത്തിലേർപ്പെടുവാൻ നിശ്ചയിച്ചതെന്നു ഞാൻ കരുതുന്നു. മററ് ഏത് ഏഷ്യൻ രാജ്യത്തെക്കാളും അമേരിക്കയ്ക്ക് കൂടുതൽ അടുത്തറിയാവുന്ന ഭൂവിഭാഗമാണ് ചൈന. പേൾ ബക്കിന്റെയും മററും ലോകപ്രസിദ്ധമായ ഗ്രന്ഥങ്ങളിൽനിന്ന് നമുക്കു ബോദ്ധ്യമാകുന്ന കാര്യമാണിത്. ഈ ബന്ധം മറിച്ചും ശരിയാണ്. നമ്മെപ്പോലെ ചൈനക്കാർക്ക് വിദേശഭരണത്തിന്റെ കയ്പറിയേണ്ട ഭാഗ്യദോഷം ഉണ്ടായില്ലെങ്കിലും വിപ്ലവത്തിനു മുമ്പ്, സാംസ്കാരികമായ അർത്ഥത്തിൽ, ചൈന ഒരു അമേരിക്കൻ കോളനിതന്നെ ആയിരുന്നു. ആ കോയ്മയുടെ നേർക്കാണ് അവർ കൊതിയോടെ നോക്കിയിരുന്നത്. അങ്ങനെയുള്ള പൂർവ്വകാലസ്മരണകൾ ഒരു തലമുറകൊണ്ടൊന്നും മാഞ്ഞുപോവുകയില്ലെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യങ്ങൾ ആലോചിക്കുമ്പോൾ അമേരിക്കയ്ക്ക് ഏഷ്യാഭൂഖണ്ഡത്തിൽ ലഭിക്കാവുന്നതിൽ വച്ച് ഏററവും ബലപ്പെട്ടതും ഏററവും വിശ്വസിക്കാവുന്നതുമായ സഖ്യമാണു ചൈനയുടെ കാര്യത്തിൽ കൈവന്നതെന്ന് ഭാവിതെളിയിച്ചേക്കാം.



മറെറാരു വഴിക്ക് നോക്കിയാലും അവക്കിത് സന്തോഷകരമാണെന്നു തന്നെ പറയണം. മദ്ധ്യപൂർവ്വദേശത്തെ അവരുടെ അനുഭവങ്ങൾ തെല്ലും സുഖപ്രദമല്ല. ഈശ്വരവിശ്വാസത്തിൽ അടിയുറച്ച ഇസ്ലാമികലോകം ഒരിക്കലും നാസ്തികവാദമായ കമ്മ്യൂണിസവുമായി ഇണങ്ങുകയില്ല എന്ന നിശ്ചയബോധമാണ് ആ മേഖലയിലെ അമേരിക്കൻ വിദേശനയത്തെ നയിച്ചിരുന്നത്. പക്ഷേ, ഈ സങ്കല്പം അടിയോടെ തെററിപ്പോകാമെന്നു ലിബിയയെപ്പോലുള്ള രാജ്യങ്ങൾ തെളിയിച്ചിരിക്കുന്നു. തികഞ്ഞ ഈശ്വരവിശ്വാസവും കമ്മ്യൂണിസവും അതിമനോഹരമായി പൊരുത്തപ്പെടും. അതു കാണുവാൻ മദ്ധ്യപൂർവ്വദേശംവരെയൊന്നും പോകേണ്ട. ഇവിടെ ഈ കണ്ണൂരിൽ, എന്റെ കൺമുമ്പിൽത്തന്നെ കാണുന്നുണ്ട്. മകരവിളക്കു കഴിഞ്ഞ ഈ സന്ദർഭത്തിൽ അത് വിശേഷിച്ചും പ്രസ്താവയോഗ്യമായിത്തോന്നുന്നു. നല്ല, കറകളഞ്ഞ, മാർക്സിസ്റ്റുകാരെന്ന് മററുള്ളവർ നിരൂപിക്കുകയും സ്വയം അഭിമാനിക്കുകയും ചെയ്യുന്ന ആളുകൾ ഇവിടെ പതിവായി, പൂർവ്വാചാരപ്രകാരമുള്ള വ്രതമെടുത്ത്, കറുത്തമുണ്ടുടുത്ത്, ഇരുമുടിക്കെട്ടുംകെട്ടി, ശബരിമലയ്ക്കു പോകാറുണ്ട്. ക്ഷേത്രങ്ങൾ ജീർണ്ണോദ്ധാരണം ചെയ്യുന്നതിനു മുൻകൈയെടുക്കുകയും, ഉൽസവം നടത്തുന്നതിനു ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യും. ഇതുകണ്ട് ബുദ്ധിജീവികളായ നേതാക്കന്മാർ ''ഇതെന്തു കമ്മ്യൂണിസം? ഇങ്ങനെയല്ലല്ലൊ മാർക്സ് പറഞ്ഞത്'' എന്നു ആക്ഷേപിച്ചു എന്നും ആ വിമർശനത്തെ അനുയായികൾ നിസ്സാരമായി തള്ളിക്കളഞ്ഞു എന്നും രണ്ടുമൂന്നു സുഹൃത്തുക്കൾ പറയുകയുണ്ടായി. ഇങ്ങനെ പല അത്ഭുതങ്ങളും ഈ ലോകത്തിൽ നടക്കുന്നുണ്ട്. ഒന്നുകൂടി പറയട്ടെ. നമ്മുടെ ഇടതുപക്ഷക്കാർ തനി യുക്തിവാദികളെന്നും തികഞ്ഞ ശാസ്ത്രീയവീക്ഷണക്കാരെന്നുമാണല്ലൊ അഭിമാനിക്കുന്നത്. അവരുടെ ദൃഷ്ടിയിൽ ഇന്ത്യ എന്നു പറഞ്ഞാൽ അന്ധവിശ്വാസങ്ങളുടെ രാജ്യമാണ്. ഇവിടത്തെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ജീവിതമൂല്യങ്ങളുമെല്ലാം അശാസ്ത്രീയമാണ്; തെളിയിക്കുവാൻ കഴിയാത്ത സങ്കല്പങ്ങളുടെ മേൽ കെട്ടിച്ചമച്ചതാണ്. ഇവിടത്തെ ജ്യോതിഷവും മന്ത്രവാദവും ക്ഷേത്രാരാധനയും വിഗ്രഹപൂജയും എല്ലാം ബുദ്ധിക്കു നിരക്കാത്തതാണ്; യുക്തിയുടെ നിഷേധമാണ്. പക്ഷേ, കമ്മ്യൂണിസം പ്രസംഗിക്കുക മാത്രമല്ല, പ്രയോഗത്തിൽ വരുത്തുകയും ചെയ്ത റഷ്യയിൽ നിന്നുവന്ന ഒരു വ്യക്തിയുടെ കാര്യം ഉദ്ധരിക്കാം. മററാരുമല്ല, നമ്മൾ എല്ലാവരും ബഹുമാനിക്കുന്ന എൻ. വി. കൃഷ്ണവാരിയർ ഒരു സുഹൃത്സമ്മേളനത്തിൽ വച്ചു പറഞ്ഞതാണ്. കമ്മ്യൂണിസ്റ്റു റഷ്യയിൽ ജനിച്ചുവളർന്ന് ബുദ്ധിപരമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ചെറുപ്പക്കാരൻ ഏതോ ഗവേഷണത്തിന്റെ ആവശ്യത്തിന് തിരുവനന്തപുരത്തുവന്നപ്പോൾ അദ്ദേഹത്തെ സന്ദർശിക്കുവാൻ ചെന്നു.



സംഭാഷണത്തിനിടയ്ക്ക് ആ യുവാവ് കൃഷ്ണവാരിയരോട് വ്യക്തിപരമായ ഒരു അഭ്യർത്ഥന ചെയ്തുവത്രെ. അത് മറെറാന്നുമല്ല. നല്ല ഒരു ജ്യോൽസ്യനെക്കൊണ്ട് അയാളുടെ ജാതകം ഗണിപ്പിച്ച് ഇംഗ്ലീഷിൽ എഴുതിക്കൊടുക്കണമെന്നായിരുന്നു! എന്തു പറയുന്നു, മണി? ജവഹർലാൽ നെഹ്റുവിന്റെ കാലത്തിനുശേഷം ഈ സംഭവം നടന്നതു ഭാഗ്യമായി. അദ്ദേഹം




Digitized by Kerala Sahitya Akademi

അധികാരത്തിൽ ഇരുന്നപ്പോൾ ഇതു നടക്കുകയും അതു് ഡെൽഹിയിൽ അറിയുവാൻ ഇടയാവുകയും ചെയ്തെങ്കിൽ ഇന്ത്യയും റഷ്യയും തമ്മിലുള്ള നയതന്ത്രബന്ധംതന്നെ അപകടത്തിൽപ്പെട്ടുമായിരുന്നു!

ഇതൊക്കെ ചെറിയ കാര്യങ്ങൾ. ലോകഗതിയെപ്പററി ഞാൻ പറഞ്ഞുകൊണ്ടുവന്ന സംഗതികൾ ഇന്ത്യയിലെ പൊതുജീവിതരംഗത്തു് പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയില്ലേ എന്നു് ചിന്തിച്ചുപോകുന്നു. യൂറോപ്പിലും ചൈനയിലും ഉണ്ടായ പരിവർത്തനങ്ങൾ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തെത്തന്നെ കഷ്ടത്തിലാക്കുകയില്ലേ? നാല്പതു-നാല്പത്തിയഞ്ചു വർഷങ്ങൾക്കുമുമ്പു കുററിപ്പുഴ കൃഷ്ണപിള്ള ചെയ്തതുപോലെ ''ഭൂമിയിലെ സ്വർഗ്ഗം'' എന്നു വാഴ്ത്തി അനുയായികൾക്കു് ചൂണ്ടിക്കാണിച്ചു കൊടുക്കുവാൻ ആ പ്രസ്ഥാനക്കാർക്കു ഒരു ആദർശരാജ്യം ഇല്ലാതായിരിക്കുന്നു. അദ്ദേഹം അന്നു് റഷ്യയുടെ പ്രശസ്തിയാണു പാടിയതു്. പക്ഷേ, സ്റ്റാലിൻ ഭരണം അവസാനിച്ചപ്പോൾ, ക്രൂഷ്ചേവ് അധികാരത്തിൽ വന്നപ്പോൾ, ലൈബർമാൻ സിദ്ധാന്തം അംഗീകരിച്ചപ്പോൾ, റഷ്യ പലർക്കും അനാകർഷകമായി. പിൽക്കാലത്തു് ചൈനയാണു് സ്വർഗ്ഗരാജ്യത്തിന്റെ പദവിയിലേക്കുയർന്നതു്. അതും കഴിഞ്ഞു. ഇനി എങ്ങോട്ടു നോക്കും? അനുകരണത്തിന്റെ ആപത്താണു ഈ അനുഭവങ്ങൾ തെളിയിക്കുന്നതു്. ഏകലോകമാണു്, സാർവ്വലൗകികമായ മാനവസംസ്കാരമാണു്, വസ്തുനിഷ്ഠമായ ശാസ്ത്രത്തിന്റെ യുഗമാണു, എന്നൊക്കെ പറയാമെങ്കിലും അവസാനമാകുമ്പോൾ ഓരോ രാജ്യക്കാരനും അവനവന്റെ സാംസ്കാരികമായ അടിസ്ഥാനത്തിൽത്തന്നെ ഉറച്ചുനിൽക്കുകയേ ഗതിയുള്ളു. ചേരിചേരാനയമെന്നും, മിശ്രസമ്പദ വ്യവസ്ഥയെന്നും പറഞ്ഞതുകൊണ്ടായില്ല. രാഷ്ട്രീയക്കാർ സമ്മതിച്ചാലും ഇല്ലെങ്കിലും, വമ്പിച്ച ജനസമൂഹങ്ങളുടെ ഹൃദയത്തെ സ്പർശിക്കുന്ന ഈ പ്രശ്നം സത്യത്തിൽ ആദ്ധ്യാത്മികമാണു്. റഷ്യയുടെ ജീവിതഭാവത്തെയും സംസ്കാരപ്രവണതയെയും കുറിച്ചു് പ്രതിപാദിച്ചപ്പോൾ ബർട്രൻഡ് റസ്സൽ പറയുകയുണ്ടായി, ആ രാജ്യത്തെ ശരിയായി മനസ്സിലാക്കണമെങ്കിൽ അതിനെ ബൈസൻറീൻ സാമ്രാജ്യത്തിന്റെ പിൻതുടർച്ചയായി കാണണമെന്നു് — അതായതു റോമാ സംസ്കാരത്തിന്റെ കിഴക്കൻ പ്രസ്ഥാനമൂല്യങ്ങൾ സ്വീകരിച്ച ഒരു ജനസമൂഹമായി. അതിന്റെ ആചാരങ്ങളും ആരാധനാമൂർത്തികളും മാറിയിട്ടുണ്ടെന്നുള്ളതു് ശരിയാണു്. പക്ഷേ, ആ സംസ്കാരത്തിൽ അന്തർലീനമായിരുന്ന മൂല്യങ്ങൾ തന്നെയാണു് അവരെ നയിക്കുന്നതു്.

യൂറോപ്പിന്റെ കാര്യത്തിലും അമേരിക്കയുടെ കാര്യത്തിലും ചൈനയുടെ കാര്യത്തിലും എല്ലാം ഇങ്ങനെയുള്ള അടിസ്ഥാനപ്രവണതകൾ സൂക്ഷ്മദൃക്കുകൾക്കു കാണാൻ കഴിഞ്ഞേക്കും. എല്ലാ പ്രശ്നങ്ങളും പ്രായോഗികബുദ്ധിയോടെയും യുക്തിപൂർവ്വമായും കൈകാര്യം ചെയ്യുന്ന എന്നാണല്ലോ അമേരിക്കക്കാർ അഭിമാനിക്കുന്നതു്. മനുഷ്യൻ സ്വാർത്ഥലോലുപനും ഭോഗതല്പരനുമാണെന്നുള്ള പച്ചപ്പരമാർത്ഥം അവർ അംഗീകരിക്കുന്നു. സുഖാന്വേഷണം ജന്മാവകാശമാണെന്നു് ഭരണഘടനയിൽ എഴുതിവയ്ക്കുവാൻ അവരെ പ്രേരിപ്പിച്ചതു് ഈ പ്രായോഗികബുദ്ധിയാണു്. സമുദായത്തെയും രാഷ്ട്രത്തെയും വ്യക്തിയെക്കാൾ ഉപരിയായി പ്രതിഷ്ഠിച്ചു് തത്ത്വജ്ഞാനം പ്രസംഗിച്ചു് ഒളിച്ചുകളി നടത്തിയിട്ടൊന്നും കാര്യമില്ല. ലൗകികജീവിതത്തിൽ അനിഷേധ്യമായ വസ്തുതകളിൽ ധീരമായി ഉറച്ചുനില്ക്കണം. ഭൗതികമായ ഉൽക്കർഷം നേടുവാൻ ഓരോ വ്യക്തിക്കും പരിപൂർണ്ണമായ സ്വാതന്ത്ര്യം നൽകണം. അനന്തമായ പുരോഗതിയെ ജീവിതാദർശമായി സ്വീകരിക്കണം. യൂറോപ്യൻ ചരിത്രത്തിൽ ഉണ്ടായതുപോലെയുള്ള മതഭ്രാന്തുകൾ ഉണ്ടാകാതെ സൂക്ഷിക്കണം. ആർക്കും ഏതു മതവും സ്വീകരിക്കാം. അതിലൊന്നും രാഷ്ട്രത്തിനു് കൈകടത്തുവാൻ താല്പര്യമോ അവകാശമോ ഇല്ല. ഇതൊക്കെയാണു് അവരുടെ രാജ്യനീതിയുടെ നിയാമകതത്ത്വങ്ങൾ. ഇതൊക്കെ അഭിമാനത്തിനും ബഹുമാനത്തിനും വകയുള്ള സംഗതികൾ തന്നെ എങ്കിലും, അവർ അത്രയ്ക്കു് പൂർവ്വപാരമ്പര്യങ്ങളെല്ലാം ഭേദിച്ച ഒരു സമൂഹമാണോ എന്നു സംശയം തോന്നാതിരിക്കുന്നില്ല. ഒരു ചെറിയ ഉദാഹരണം പറയട്ടെ. 1978 നവംബറിൽ ജിം ജോൺസ് എന്ന വെള്ളക്കാരനായ അമേരിക്കൻ വൈദികന്റെ നേതൃത്വത്തിൽ ആയിരത്തോളം അനുയായികൾ (അതിൽ സ്ത്രീകളും ഒന്നുമറിയാത്ത പിഞ്ചു കുഞ്ഞുങ്ങളും ഉണ്ടായിരുന്നു) തങ്ങളുടെ മതാനുഷ്ഠാനമായി, ഗയാനയിൽവച്ചു്, വിഷംകുടിച്ചു് ഒന്നിച്ചു മരിച്ചില്ലേ? ആ സംഭവം അന്യമതക്കാരനായ ഒരു വിദേശീയന്റെ നേതൃത്വത്തിലാണു് നടന്നതെങ്കിൽ, ഒരു ലോക മഹായുദ്ധത്തിനുതന്നെ അതു് വഴിതെളിക്കുമായിരുന്നില്ലേ? പക്ഷേ, എത്രയോ ലഘുവും നിസ്സാരവുമായ ഒരു വൈകൃതമായി മാത്രമാണു് ഗയാനയിലുണ്ടായ മഹാദുരന്തത്തെ അമേരിക്ക വീക്ഷിച്ചതു്! പണ്ടു് തമിഴൻ പറഞ്ഞതുപോലെ ''അതു എൻ പിള്ളയല്ലവാ?'' എന്നു മാത്രമേ ഇതിനു വ്യാഖ്യാനമുള്ളു. വമ്പിച്ച ആരാധകവൃന്ദത്തെ സൃഷ്ടിച്ചു് അമേരിക്കയിൽ ആദ്ധ്യാത്മിക പ്രചാരണം നടത്തുന്ന സ്വാമിമാർക്കും ആചാര്യന്മാർക്കും യോഗികൾക്കും ഇതൊരു പാഠമാകേണ്ടതാണു്.



1969 ആഗസ്ററുമാസം 15,16,17 എന്നീ തീയതികളിൽ ന്യൂയോർക്ക് സംസ്ഥാനത്തെ ബെഥൽ എന്ന സ്ഥലത്തു് 600 ഏക്കർ വിസ്താരമുള്ള ഒരു മൈതാനിയിൽ നാലുലക്ഷം അമേരിക്കൻ യുവജനങ്ങൾ സമ്മേളിച്ചു്, ''വുഡ്സ്റ്റോക്ക് മ്യൂസിക്ക് ആൻഡ് ആർട്ട് ഫെയർ'' എന്ന പേരിൽ. അമേരിക്കാ അന്നുവരെ കണ്ടിട്ടില്ലാത്ത വമ്പിച്ച ഒരു കലോൽസവം നടത്തി— പാട്ടും ആട്ടവും മയക്കുമരുന്നുകളും കൊണ്ടുള്ള മഹോൽസവം! അത്രയും ആളുകൾക്കു ജീവിക്കുവാനുള്ള സൗകര്യങ്ങളൊന്നും അവിടെ ഇല്ലായിരുന്നു. അതിന്റെ കൂടെ കൊടുമഴയും പെയ്തു് സർവ്വത്ര അളിപുളിയായി. കാലിഫോർണിയയിൽ യോഗവിദ്യ പഠിപ്പിക്കുന്ന സച്ചിദാനന്ദസ്വാമി എന്ന ഭാരതീയനാണു് ഈ കലോൽസവം ഉദ്ഘാടനം ചെയ്തതു്. അദ്ദേഹത്തിന്റെ ഭാഗ്യാതിരേകത്താൽ അവിടെ ഒരു അത്യാഹിതവും ഉണ്ടായില്ല. വഴക്കും ബഹളവും കത്തിക്കുത്തും വെടിവയ്പും ഒന്നും നടന്നില്ല. പൊലീസ് സേന എന്തിനും തയ്യാറായി നിന്നിരുന്നു എങ്കിലും. അവർക്കു് ഒരിക്കൽപോലും അങ്ങോട്ടു് കടന്നുചെല്ലേണ്ടിവന്നില്ല. അമേരിക്കൻ യുവജനങ്ങളുടെ അച്ചടക്കവും സൗമ്യമായ പെരുമാററവും കണ്ടു് പൊലീസുകാർ അത്ഭുതപ്പെടുകയാണുണ്ടായതു്. ''അമേരിക്കൻ ചരിത്രത്തിലെ ഏററവും വമ്പിച്ച സംഭവം'' എന്നാണു് ആ ത്രിദിന പരിപാടിയെ അവിടത്തെ പത്രങ്ങൾ അന്നു വർണ്ണിച്ചതു്. അതു് താൽക്കാലികമായ ഒരു പ്രതിഭാസം എന്നാണു് അവർ കരുതിയതെന്നുതോന്നുന്നു. പക്ഷേ, ഇപ്പോൾ ''ഹരേകൃഷ്ണ'' പ്രസ്ഥാനവും മററും അവിടെ വേരുറച്ചു് ശക്തി നേടുവാൻ തുടങ്ങിയിരിക്കുന്നതു കണ്ടു് മനോഭാവം മാറിയിരിക്കുന്നു. വിദേശീയ മതങ്ങളും അദ്ധ്യാത്മവിദ്യകളും പ്രചരിക്കുന്നതിൽ അവർക്കു് അസഹിഷ്ണുതയും അമർഷവും ഉണ്ടു്. ഈ ''ഗുരു ബിസിനസ്'' നിയന്ത്രിക്കണമെന്നു് അഭിപ്രായം ഉണ്ടായിരിക്കുന്നു. തങ്ങൾക്കു് ലോകം മുഴുവനും മതപ്രചാരണം നടത്തണം; അതൊരു മൗലികാവകാശമാണു്. വമ്പിച്ച ജനസമൂഹങ്ങളെ ഒന്നോടെ മാർഗ്ഗം കൂട്ടുന്നതിൽ അസ്വാഭാവികമായി ഒന്നുമില്ല. പക്ഷേ, തങ്ങളെ ആരെങ്കിലും മാർഗ്ഗം കൂട്ടുവാൻ ശ്രമിച്ചാൽ അതു് അനുവദിക്കത്തക്കതല്ല. തടയുകയും ചെയ്യും. ഇതു് യൂറോപ്യൻ പാരമ്പര്യത്തിന്റെ തനിസ്വരൂപമല്ലാതെ മറെറന്താണു്? ആലോചിച്ചുനോക്കുക.

മേൽ സ്പർശിച്ച സംഗതികളിൽനിന്നു് ഒരുകാര്യം സ്പഷ്ടമാണെന്നു് എനിക്കു തോന്നുന്നു. അതിതാണു്: വ്യക്തികൾ നന്നാവുകയോ നന്നാക്കപ്പെടുകയോ അല്ലാതെ സമൂഹത്തെ ഒന്നടങ്കം നന്നാക്കുവാൻ സാദ്ധ്യമല്ല. നന്മയ്ക്കോ തിന്മയ്ക്കോവേണ്ടി അതിനെ ശാശ്വതമായി പരിവർത്തനം ചെയ്യുവാനും കഴിയുകയില്ല. ജീവജാലത്തിന്റെ ലക്ഷണങ്ങൾക്കും സ്വഭാവങ്ങൾക്കും ജീവിതരീതികൾക്കും പ്രകൃതിയിൽ താനേയുണ്ടാകുന്ന പരിവർത്തനത്തിനാണു് പരിണാമം എന്നു പറയുന്നതു്. അതു് വളരെ മന്ദഗതിയിലുള്ളതും സൗമ്യസ്വഭാവവുമായ പ്രക്രിയയാണു്. എത്രയോ ലക്ഷം തലമുറകൾക്കു ശേഷമാണു് ഒരു ജീവജാതി മറെറാന്നായി മാറുന്നതു്.



Digitized by Kerala Sahitya Akademi

നൂറോ ഇരുന്നൂറോ കോടിവർഷങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഈ പരിണാമത്തിന്റെ ഫലമായി ആദ്യമുണ്ടായ അണുജീവി മനുഷ്യനായിത്തീർന്നു എന്നാണ് ജീവശാസ്ത്രത്തിന്റെ നിഗമനം. ബുദ്ധിശക്തിയാൽ അനുഗൃഹീതമായ മനുഷ്യവർഗ്ഗം പ്രകൃതിയുടെ അന്ധമായ ഈ പരിവർത്തനക്രിയയിൽ നിന്ന് മോചനം നേടി എന്നും, അതിനു് ബോധപൂർവ്വം, സോദ്ദേശ്യമായി കൈവരുത്തുന്ന പരിണാമത്തിനുമാത്രമേ ഇനി സാദ്ധ്യതയുള്ളു എന്നും സാമൂഹിക ചിന്തകന്മാർ പറയാറുണ്ട്. ഈ പരിണാമമാണ് പത്തോ പതിനായിരമോ വർഷമായി സാമൂഹിക–സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ നടന്നുകൊണ്ടിരിക്കുന്നതെന്നും പറയുന്നു. ഈ വിശ്വാസവും പ്രത്യാശയും അടിസ്ഥാനരഹിതമല്ലേ എന്ന ഗുരുതരമായ സംശയമാണ് ചരിത്രത്തിന്റെ ഗതിവിഗതികൾ കാണുമ്പോൾ ഉളവാകുന്നത്. പരിണാമത്തിന്റെ ഉപായം ജീവികൾ തമ്മിലുള്ള മൽസരവും അതിലുണ്ടാകുന്ന ജയാപജയങ്ങളുമാണ്. മൽസരത്തിൽ ജയം നേടുവാൻ ഉപകരിക്കുന്ന ലക്ഷണങ്ങളും സ്വഭാവങ്ങളും ജീവിതരീതികളും നിർദ്ധരിക്കപ്പെടുന്നു. അതായതു്, അവയാൽ അനുഗൃഹീതരായ വ്യക്തികൾ കൂടുതൽ കൂടുതൽ അവശേഷിക്കുകയും മററുള്ളവ അപ്രത്യക്ഷമാവുകയും ചെയ്യുന്നു. അങ്ങനെ ദീർഘകാലംകൊണ്ട് പ്രസ്തുത ജീവജാതിയിൽ അത്തരം വ്യക്തികൾ മാത്രമേ ഉണ്ടാവുകയുള്ളു എന്നുവരും— അതൊരു പുതിയ ജീവജാതിയായിത്തീരും.

ഈ മൽസരം മനുഷ്യവർഗ്ഗത്തിലുമുണ്ട്. അതു് ബോധപൂർവ്വവും ഉദ്ദേശ്യപൂർണ്ണവും, അക്കാരണത്താൽത്തന്നെ കൂടുതൽ കർക്കശവുമാണ്. ഈ സ്വഭാവത്തെ നിർമ്മാർജ്ജനം ചെയ്യുവാനും, അതിന്റെ സ്ഥാനത്തു് സ്നേഹവും സഹകരണവും വളർത്തി എല്ലാ വ്യക്തികൾക്കും ഒരുപോലെ ഗുണകരമായ ഉൽക്കർഷം കൈവരുത്തുവാനുമാണ് ഭരണതന്ത്രം, വിദ്യാഭ്യാസം, സാംസ്കാരിക പ്രവർത്തനം, സാമൂഹികസേവനം എന്നിങ്ങനെയുള്ള പൊതുക്കാര്യങ്ങളിലൂടെ ചരിത്രത്തിന്റെ ആരംഭകാലംതൊട്ടു് മനുഷ്യവർഗ്ഗം ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. പക്ഷേ, 400 തലമുറകൾ കഴിഞ്ഞിട്ടും മത്സരംതന്നെ ജയിച്ചുനിൽക്കുന്നു. വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും എവിടെയും പ്രത്യക്ഷവും പരോക്ഷവുമായ മൽസരമേയുള്ളു. അത്യന്തം പരിമിതമായ ജീവിതസൗകര്യങ്ങൾക്ക്— അതായതു് ഭൗതികവിഭവങ്ങൾക്ക്— വേണ്ടി അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്ന മനുഷ്യസന്തതി പിടിയും വലിയും നടത്തുകയാണ്. ഈ ജീവിതസമരം കൂടുതൽ കൂടുതൽ രൂക്ഷമാകുവാനല്ലാതെ ശമിക്കുവാനുള്ള യാതൊരു ലക്ഷണവും കാണുന്നില്ല. അതിനു സഹായകമായ സാഹചര്യങ്ങളുമില്ല. ഒന്നേകാൽ കോടി മലയാളികളുടെ ഭാവിഭാഗധേയം സുരക്ഷിതമാക്കുന്നതിനുവേണ്ടി 1956–ൽ നിലവിൽ വരുത്തിയ ഈ കൊച്ചു കേരള സംസ്ഥാനത്തിന്റെ അനുഭവംതന്നെ നോക്കുക. അന്നത്തെ കണക്കനുസരിച്ചു് പ്രതിവർഷം 1.4 ശതമാനം വീതം വർദ്ധിച്ചിരുന്ന ഈ സംസ്ഥാനത്തെ ജനസംഖ്യ ഇരട്ടിയാകുന്നതിനു് 50 വർഷം വേണ്ടിവരുമെന്നും, അതിനകം കുടുംബാസൂത്രണം പ്രചരിപ്പിച്ചു് ജനപ്പെരുപ്പത്തെ നിയന്ത്രിക്കാമെന്നും ആയിരുന്നു പ്രതീക്ഷ. പക്ഷേ, ദുർമ്മരണങ്ങളെ നിയന്ത്രിക്കുന്നതിൽ മാത്രമേ നാം വിജയിച്ചുള്ളു. ഫലമോ? കേവലം 22 വർഷംകൊണ്ട് മലയാളികളുടെ എണ്ണം രണ്ടരക്കോടിയായിരിക്കുന്നു! ഇനിയത്തെ ഇരട്ടിപ്പു് രണ്ടര, അഞ്ചുകോടിയാകുന്ന ജനപ്പെരുപ്പമാണ്. അതു് ഓർക്കുവാൻതന്നെ ഭയമാകുന്നു.

ഭയാനകമായ ഈ ആപത്തിനെക്കുറിച്ചു് ജനങ്ങളെ ബോധവാന്മാരാക്കുവാനുള്ള ഒരു എളിയ യത്നത്തിലാണ് ഞാൻ ഏർപ്പെട്ടിരിക്കുന്നതു്. കേരളത്തിലെ ജില്ലകളിൽ വച്ചു് ഏററവും കൂടുതൽ ജനങ്ങളുള്ളതു് ഇവിടെയാണ്—28 ലക്ഷം. ജോർദ്ദാൻ, പരാഗ്വേ, ഉറുഗ്വേ എന്നീ സ്വതന്ത്ര രാജ്യങ്ങളിലെ ജനസംഖ്യയ്ക്കു തുല്യമാണിതു്. ഇസ്രയേലിൽ ഏഴുലക്ഷമേ കൂടുതലുള്ളു. ഈ ജില്ലയുടെ വിവിധഭാഗങ്ങളിൽ ക്ലാസുകളും സെമിനാറുകളും പ്രസംഗങ്ങളും നടത്തി ജനപ്പെരുപ്പത്തിന്റെ കാരണങ്ങളെയും ഭവിഷ്യത്തുകളെയും കുറിച്ചു് ഒരു ഉണർവുണ്ടാക്കുവാൻ ശ്രമിക്കുകയാണ്. ഗ്രാമപ്രദേശങ്ങളിൽ, വിദ്യാഭ്യാസമൊന്നും ലഭിച്ചിട്ടില്ലാത്ത ജനങ്ങളാണ് ഇക്കാര്യത്തിൽ ഏററവും കൂടുതൽ താല്പര്യം കാണിക്കുന്നതു്. ഒന്നും രണ്ടും മണിക്കൂർ നേരം സംസാരിച്ചാലും അവർ ശ്രദ്ധിച്ചു കേൾക്കും. അറിഞ്ഞുകൂടാത്ത കാര്യങ്ങൾ അറിയുന്നതിനുള്ള ഔൽസുക്യം സാർവത്രികമായി കാണാം. ഏകാഗ്രതയോടെ ചെവി കൂർപ്പിച്ചു കേൾക്കുകയാണെന്ന് നമുക്കു ബോദ്ധ്യമാകും. മനസ്സിലാകാത്ത വസ്തുതകളെക്കുറിച്ചു് സംശയവും ചോദിക്കും. ഒരു ദിവസം ക്ലാസു കഴിഞ്ഞു സംശയമുണ്ടെങ്കിൽ പറയണം, വിശദീകരിച്ചു തരാം എന്നു പറഞ്ഞപ്പോൾ, മത്സ്യത്തൊഴിലാളികളുടെ ആ യോഗത്തിൽ മുൻപന്തിയിലിരുന്ന ആജാനുബാഹുവായ ഒരു മദ്ധ്യവയസ്കൻ ചാടിയെഴുന്നേററു. അയാളുടെ മട്ടും ഭാവവും കണ്ടപ്പോൾ എന്തോ എതിരഭിപ്രായം പ്രകടിപ്പിക്കുവാൻ പോകുകയാണെന്നു് ഞാൻ ശങ്കിച്ചു. പക്ഷേ, പറഞ്ഞതു് ഇതാണ്: ''ഞങ്ങൾക്കു് അറിഞ്ഞുകൂടാത്ത ഇത്ര വളരെ കാര്യങ്ങൾ പച്ചവെള്ളംപോലെ പറഞ്ഞുതന്നതിനു് നിങ്ങൾക്കു വന്ദനം.'' ഇതിനേക്കാൾ ഹൃദ്യമായ, ആത്മാർത്ഥമായ, ആത്മാവിൽ തട്ടുന്ന ഒരു കൃതജ്ഞതാ പ്രകടനം സങ്കല്പിക്കുവാൻ സാദ്ധ്യമല്ല. ഇതാണോ സംശയം എന്നു് എന്റെ അടുത്തിരുന്ന കാര്യദർശി പിറുപിറുത്തു. മിണ്ടരുതു് എന്നു് ഞാൻ അയാളെ താക്കീതുചെയ്തു. ആ സന്ദർഭത്തിൽ ഞാൻ അനുഭവിച്ച ചാരിതാർത്ഥ്യം പറഞ്ഞറിയിക്കുവാൻ കഴിയുന്നില്ല. ഈ പ്രദേശങ്ങളിലെ സാധാരണ ജനങ്ങളുടെ ഭാഷണത്തിലുള്ള ചില സവിശേഷതകളും ഇത്തരം യോഗങ്ങളിൽ വച്ചാണ് മനസ്സിലാക്കുവാൻ സാധിക്കുന്നതു്. ഇവിടെ 'നിങ്ങൾ' എന്നു സംബോധന ചെയ്താൽ അങ്ങേയററത്തെ ബഹുമാനമായി. താങ്കൾ, അങ്ങു്, അവിടുന്നു്, സാറ്, മാഷ് എന്നൊന്നും പറയേണ്ട. പറയാറുമില്ല. അച്ഛനെയും മുത്തച്ഛനെയും അങ്ങനെ സംബോധന ചെയ്യാം. തന്നെക്കാൾ വളരെ പ്രായം കുറഞ്ഞവരെയെല്ലാം മോനേ എന്നും മോളേ എന്നും വിളിക്കാം. ജാതിമതഭേദമൊന്നും നോക്കാതെ പ്രായം കൂടുതലുള്ളവരെ ഏട്ടൻ എന്നും വിളിക്കും. തെക്കൻ പ്രദേശത്തെ ഉച്ചാരണവും പ്രയോഗശൈലിയും പരിചയിച്ച നമുക്കു് വികലമായി തോന്നുമെങ്കിലും, ഇവിടത്തെ ഭാഷയ്ക്കു് എളുപ്പത്തിൽ കാര്യം പറയാം എന്നൊരു മെച്ചമുണ്ടെന്നു തോന്നുന്നു. ''ഓൻ ബണ്ടീന്നു കീഞ്ഞു പാഞ്ഞൂട്'' എന്നും ''അവൻ വണ്ടിയിൽനിന്നു് ഇറങ്ങി ഓടിക്കളഞ്ഞു'' എന്നും പറയുന്നതു തമ്മിലുള്ള വ്യത്യാസം ആലോചിച്ചു നോക്കുക!

നിറുത്തട്ടെ. ഞാൻ വളരെ ദീർഘമായി എഴുതിപ്പോയി. ക്ഷേമമല്ലെ? അച്ഛനും സുഖംതന്നെ എന്നു വിശ്വസിക്കുന്നു. അദ്ദേഹത്തോട് എന്റെ അന്വേഷണം പറയുക.

എന്നു്

കണ്ണൂർ, സ്വന്തം

28–1–1979 കെ. ഭാസ്കരൻ നായർ

കേരള
ദിനേശ്
ബീഡി
കണ്ണൂർ

ആയുർവേദൗഷധങ്ങൾക്കും

ചികിത്സയ്ക്കും...

ശ്രീധന്വന്തരിമഠം

ആയുർവേദ
ഫാർമസി

H. O. തിരുവനന്തപുരം

ഫോൺ: 65135



Digitized by Kerala Sahitya Akademi

# ബുദ്ധിജീവികളുടെ അത്ഭുതകരമായ ആന്ധ്യം

സി. അച്ചുതമേനോൻ

1979 ഫെബ്രുവരി 18-ാംതീയതിയിലെ 'കലാകൗമുദി'യിൽ പ്രസിദ്ധീകരിച്ചിരുന്നതും ഡോ: കെ. ഭാസ്കരൻ നായർ പത്രാധിപർക്ക് എഴുതിയതുമായ കത്താണ് ഈ കുറിപ്പെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. കത്തു വായിച്ചിട്ട് നാളുകൾ ഏറെയായി. എങ്കിലും എഴുതണോ വേണ്ടയോ എന്നു സംശയിച്ച് ഇത്രയും നീണ്ടുപോയി. എനിക്കു വളരെ ബഹുമാനം തോന്നിയിട്ടുള്ള ഒരു വ്യക്തിയാണ് ഡോ: ഭാസ്കരൻ നായർ. അത്ര അടുത്ത സൗഹൃദമൊന്നുമില്ലെങ്കിലും അല്പമൊക്കെ ഞങ്ങൾതമ്മിൽ പരിചയവുമുണ്ട്. ആധുനിക ശാസ്ത്രത്തിൽ അദ്ദേഹത്തിനുള്ള അവഗാഹവും സാഹിത്യവിഷയകമായ അദ്ദേഹത്തിന്റെ തികഞ്ഞ സഹൃദയത്വവും മലയാളത്തിലുള്ള അദ്ദേഹത്തിന്റെ ശൈലീവല്ലഭത്വവും എന്റെ ആദരം പിടിച്ചുപറ്റിയിട്ടുള്ള കാര്യങ്ങളാണ്. അക്കാരണങ്ങളാൽ അദ്ദേഹവുമായി ഒരു വാദപ്രതിവാദത്തിൽ ഏർപ്പെടുന്നതിന് എനിക്ക് ഒട്ടും മനസ്സുവരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ പ്രസ്തുത കത്തിലെ ചില പ്രസ്താവങ്ങൾ എന്നെ കണക്കിലേറെ അദ്ഭുതപ്പെടുത്തി. ദാർശനികതലത്തിൽ ഞങ്ങൾ തമ്മിലുള്ള അന്തരം സുവിദിതമാണ്. അദ്ദേഹം ആത്മീയവാദിയും ഞാൻ ഒരു ഭൗതികവാദിയുമാണ്. ആ രണ്ടു വീക്ഷണങ്ങളും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുകയില്ല. ആ വീക്ഷണ വ്യത്യാസത്തെ ആസ്പദമാക്കി ഒരു വാദപ്രതിവാദം യാതൊരു പ്രയോജനവും തൽക്കാലം ചെയ്യാൻ പോകുന്നില്ല. എന്നാൽ കൺമുമ്പിൽ കാണുന്ന ചില സത്യങ്ങൾ സത്യങ്ങളായി അംഗീകരിക്കുന്നതിൽ അതു രണ്ടുകൂട്ടർക്കും വിഘാതമായി നില്ക്കേണ്ട കാര്യമില്ലെന്നു തോന്നുന്നു. കേവലം സാധാരണക്കാർക്കുകൂടി എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന ചില വസ്തുതകൾ ഡോ: ഭാസ്കരൻനായരെപ്പോലെയുള്ള ഒരു ബുദ്ധിജീവിക്കു മനസ്സിലാക്കാൻ കഴിയാത്തതിലാണ് എനിക്ക് അദ്ഭുതം. അങ്ങനെയുള്ള ഒന്നുരണ്ടു കാര്യങ്ങളെ മാത്രമാണ് ഈ കുറിപ്പിൽ പരാമർശിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നത്.

## പായസത്തിന്റെ മധുരം

"രാജ്യനീതിയുടെയും സമ്പദ്‌വ്യവസ്ഥയുടെയും സാങ്കേതികവശങ്ങൾ എന്തായാലും, സാധാരണമനുഷ്യനെ സംബന്ധിച്ചിടത്തോളം, ദൈനംദിന ജീവിതത്തിന്റെ മുഖച്ഛായയിലും മൂല്യങ്ങളിലും മോസ്കോയും ന്യൂയോർക്കും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നാണ് രണ്ടു ദിക്കിലും താമസിച്ചിട്ടുള്ളവർ പറയുന്നത്" എന്ന് ഡോ: ഭാസ്കരൻ നായർ എഴുതുന്നു. മുതലാളിത്തത്തിന്റെ സ്വർഗ്ഗഭൂമിയായ അമേരിക്കയിലെയും സോഷ്യലിസത്തിന്റെ വസന്താരാമമായ സോവിയറ്റ് യൂണിയനിലെയും സ്ഥിതികൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നാണ് ഡോ: ഭാസ്കരൻ നായർ സമർത്ഥിക്കാൻ ശ്രമിക്കുന്നത്. താത്വികമായ ഒരു വാദപ്രതിവാദത്തിലൂടെ ഡോ: ഭാസ്കരൻ നായരുടെ വാദമുഖത്തെ എതിർക്കുവാൻ ഞാൻ ഇപ്പോൾ ശ്രമിക്കുന്നില്ല. 'രാജ്യനീതിയുടെയും സമ്പദ്‌വ്യവസ്ഥയുടെയും സാങ്കേതികവശങ്ങൾ എന്തായാലും' എന്ന ഒരു മുഖവുരയോടെയാണല്ലോ അദ്ദേഹത്തിന്റെ പ്രസ്താവം തുടങ്ങുന്നത്. അതുകൊണ്ട് ആ ഭാഗം ഞാനും ഒഴിച്ചു നിറുത്തുന്നു. എന്തായാലും അനുഭവം തന്നെയാണ് പ്രധാനം. കഴിച്ചുനോക്കുമ്പോഴല്ലേ പായസത്തിന്റെ മധുരം അറിയേണ്ടത്. ന്യൂയോർക്കിലെയും മോസ്കോയിലെയും ജീവിതം ഒരുപോലെയാണോ? വ്യത്യാസമില്ലെന്ന് രണ്ടു ദിക്കിലും താമസിച്ചിട്ടുള്ളവർ പറയുന്നു എന്നാണ് ഡോ: ഭാസ്കരൻ നായർ എഴുതിയിരിക്കുന്നത്. ആരാണ് ഇങ്ങനെ പറയുന്നതെന്ന് അറിഞ്ഞിരുന്നുവെങ്കിൽ അവർ അങ്ങനെ പറയാനുള്ള കാരണം ഊഹിക്കാമായിരുന്നു. പലരും കാര്യങ്ങൾ കാണുന്നത് വസ്തുനിഷ്ഠമായിട്ടല്ല, വ്യക്തിനിഷ്ഠമായി തങ്ങൾ സ്വയം എടുത്തണിയുന്ന പ്രത്യേക നിറമാർന്ന കണ്ണടകളിൽക്കൂടിയാണെന്നു ഞാൻ പറയേണ്ടതില്ലല്ലോ. നിർഭാഗ്യവശാൽ ഞാൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിലല്ലാതെ അമേരിക്കയിലോ മററു പാശ്ചാത്യ രാജ്യങ്ങളിലോ പോയിട്ടില്ല. അതുകൊണ്ട് എനിക്ക് സ്വാനുഭവത്തെ ആസ്പദമാക്കി ഒന്നും പറയാനാവില്ല. പക്ഷേ, രണ്ടു സ്ഥലത്തെയും സ്ഥിതിഗതികളെപ്പററി കുറച്ചൊക്കെ വായിച്ചറിഞ്ഞിട്ടുണ്ട്; മററുള്ളവർ പറഞ്ഞറിഞ്ഞിട്ടുമുണ്ട്. അതെല്ലാം വച്ചുകൊണ്ട് ചില കാര്യങ്ങൾ ഡോ: ഭാസ്കരൻ നായരുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.


ന്യൂയോർക്കിൽ 'സ്ലംസ്' (ചേരികൾ) ഉണ്ട്. മോസ്കോയിൽ ഇല്ല. മോസ്കോയിൽ ചേരികളില്ലെന്നതിന് എനിക്കു സാക്ഷ്യം വഹിക്കാൻ കഴിയും. നേരെമറിച്ച് ന്യൂയോർക്കിലെ 'ഹാർലെം' (Harlem) എന്ന ചേരിപ്രദേശം ലോകപ്രസിദ്ധമാണ്. അവിടെയാണ് ന്യൂയോർക്കിലെ നീഗ്രോകൾ താമസിക്കുന്നത്. അവർക്ക് വെള്ളക്കാരോടൊപ്പം വെള്ളക്കാരുടെ ഇടയിൽ താമസിച്ചുകൂടല്ലോ.



Digitized by Kerala Sahitya Akademi

ഫിഡൽ കാസ്ട്രോ, തന്റെ രാജ്യമായ ക്യൂബയ്ക്കു് ഐക്യരാഷ്ട്രസഭയിൽ അംഗത്വം ലഭിക്കുന്നതിനുവേണ്ടി നേരിട്ടു വാദം നടത്താനായി ന്യൂയോർക്കിൽ വന്നപ്പോൾ, സ്വാതന്ത്ര്യത്തിന്റെ മാനംമുട്ടി നിൽക്കുന്ന പ്രതിമ (Statue of Liberty) സ്ഥാപിച്ച ആ പുതിയ ലോകത്തിൽ (New world) അദ്ദേഹത്തിനു താമസിക്കാൻ ഒരു ഹോട്ടൽമുറി കിട്ടാതെ വന്നതിനാൽ പാവപ്പെട്ട നീഗ്രോകളുടെ ചേരിയിലാണ് അദ്ദേഹം താമസിച്ചതെന്നും, ആ യുവധീരനോടുള്ള ആദരാധിക്യത്താൽ പ്രേരിതനായ നമ്മുടെ പരേതനായ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു കാസ്ട്രോയെ ഹാർലെമ്മിൽ ചെന്നു സന്ദർശിച്ചു എന്നും മറ്റുമുള്ള വിവരങ്ങൾ അക്കാലത്തെ പത്രങ്ങൾ റിപ്പോർട്ടു ചെയ്യുകയുണ്ടായി. ചേരികൾ ഇല്ലാത്ത മോസ്കോ നഗരവും ചേരികൾ ഉള്ള ന്യൂയോർക്ക് നഗരവും ഒരുപോലെയാണെന്ന് ഏതു മഹാൻ പറഞ്ഞാലെന്തു്? സത്യമാകുമോ?

ചേരികളുണ്ടെന്നു മാത്രമല്ല അമേരിക്കയിൽ (ന്യൂയോർക്കിൽ മാത്രമല്ല) വർണ്ണവിവേചനവുമുണ്ട്. പൗരാവകാശങ്ങൾക്കുവേണ്ടി (Civil rights) അമേരിക്കയിൽ നടക്കുന്ന ഉഗ്രസമരങ്ങളെപ്പറ്റി വിവരിക്കേണ്ടതുണ്ടോ? മാർട്ടിൻ ലൂതർ കിങ്ങിനെപ്പോലെ എത്രയോ കറുത്തതൊലിയുള്ള നല്ല വലിയ മനുഷ്യർ ആ സമരത്തിൽ രക്തസാക്ഷികളായി. വെള്ളക്കാരോടൊപ്പം ഒരേ ഹോട്ടലിൽ മുറിയെടുത്തു താമസിക്കാൻ, ഒരേ ബസ്സിൽ സഞ്ചരിക്കാൻ, ഒരേ സ്കൂളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കാൻ—ഒന്നിനും തൊലികറുത്ത അമേരിക്കക്കാർക്ക് സ്വാതന്ത്ര്യമില്ല. ഇന്ത്യയിലെ ഹരിജനങ്ങളുടേതിൽ നിന്നും വളരെയൊന്നും ഭിന്നമല്ല അമേരിക്കൻ നീഗ്രോകളുടെ സ്ഥിതി. ഇത്തരം വർണ്ണവിവേചനം റഷ്യയിൽ കണികാണുകയില്ല. ലോകത്തിന്റെ വിദൂരകോണുകളിൽ നിന്നു വന്ന മനുഷ്യരെ, കറുത്തതൊലിക്കാരെ, മഞ്ഞ നിറവും പതിമൂക്കുമുള്ളവരെ, തവിട്ടുനിറക്കാരായ ഇന്ത്യക്കാരെ—ഇങ്ങനെ എത്രയെത്ര വിവിധ വർഗ്ഗങ്ങളിൽപ്പെട്ടവരെ മോസ്കോ തെരുവീഥികളിലും ഹോട്ടലുകളിലും തിയേറ്ററുകളിലും നിങ്ങൾക്കു കാണാം. വർണ്ണവിവേചനത്തിന്റെയോ, അവഗണനയുടെയോ, പുച്ഛത്തിന്റെയോ ഒരു നേരിയ സൂചനപോലും ഞാൻ എങ്ങും എവിടെയും കണ്ടില്ല. നേരെമറിച്ച് ഇന്ത്യക്കാരനാണെന്നറിഞ്ഞാൽ ഒരു പ്രത്യേകമായ ആദരവും സ്നേഹവുമാണ് തെരുവുകളിൽപ്പോലും പ്രകടമാവുക. 'ഇൻഡിസ്കി', 'ഇൻഡിസ്കി' എന്നുപറഞ്ഞ് റഷ്യക്കാർ നമ്മുടെ ചുറ്റും കൂടുന്നു. ഭാഷ അറിഞ്ഞുകൂടാത്തതിനാൽ മന്ദഹാസത്തിലൂടെയും ആംഗ്യങ്ങളിലൂടെയും അവരുടെ ഊഷ്മളവികാരങ്ങൾ പ്രകടമാക്കുന്നു. തിയേറ്ററിലോ, കടയിലോ ക്യൂവിൽ നമുക്കു മുന്നിൽ സ്ഥാനം നൽകുന്നു. (മോസ്കോയിൽ ക്യൂ നിൽക്കാതെ ഒരു കടയിൽനിന്ന് സാമാനം വാങ്ങിക്കാനോ, ഒരു ടിക്കറ്റെടുത്ത് നാടകശാലയിലോ സിനിമാ മന്ദിരത്തിലോ കയറിക്കൂടാനോ സാദ്ധ്യമാകുകയില്ലെന്നോർക്കണം.) ഇത്തരം ഒരു സമഭാവന മുതലാളിത്തലോകത്തിൽ എവിടെയുണ്ടെന്ന് രണ്ടു ദിക്കിലും താമസിച്ച എന്നു പറയുന്ന മാന്യന്മാർ ഒന്നു പറഞ്ഞുതന്നാൽ കൊള്ളാം.



സി. അച്ചുതമേനോൻ

**ജീവിതത്തിന്റെ കാര്യത്തിൽ ന്യൂയോർക്കും മോസ്കോയും തമ്മിൽ വ്യത്യാസമൊന്നുമില്ലെന്ന ഡോ: ഭാസ്കരൻനായരുടെ പരാമർശത്തിന് ഒരു മറുപടി**

## ആത്മനിയന്ത്രണം മുഖമുദ്ര

പാശ്ചാത്യമുതലാളിത്ത നാടുകളിൽ കാണുന്നപോലെ 'നിശാക്ലബ്ബുകൾ' റഷ്യയിൽ ഉണ്ടോ? സോവിയറ്റ് സിനിമയിൽ, അമേരിക്കൻ സിനിമയിൽ കാണുംപോലെ സെക്സും വയലൻസും ഉണ്ടോ? മനുഷ്യന്റെ അധമവികാരങ്ങളെ ഇളക്കിവിടാൻ ഉദ്ദേശിച്ചുകൊണ്ടുള്ള എന്തെങ്കിലുമുണ്ടോ? അതൊന്നുമില്ലെന്നതുകൊണ്ട് നമ്മുടെ ഭാരതീയരും കേരളീയരുമായ പല കലാനിരൂപകന്മാർക്കും പണ്ഡിതന്മാർക്കും സോവിയറ്റ് സിനിമ വിരസം (insipid) ആണെന്നുപോലും അഭിപ്രായമുണ്ട്. ഡോ: ഭാസ്കരൻനായർക്ക് ആ അഭിപ്രായമുണ്ടോ എന്നറിഞ്ഞുകൂടാ. ഏതായാലും മുതലാളിത്തസമൂഹവും സോഷ്യലിസ്റ്റ് സമൂഹവും തമ്മിലുള്ള ഒരു മൗലികമായ വ്യത്യാസമായിത്തന്നെ ഈ പ്രത്യേകത നിലകൊള്ളുന്നു.

രണ്ടു സമൂഹങ്ങളിലും കാണുന്ന ഭോഗാസക്തിയാണ് ഡോ: ഭാസ്കരൻനായരുടെ മറ്റൊരു ആക്ഷേപവിഷയം. അതും നമുക്കൊന്നു പരിശോധിക്കാം. ഒരു കാര്യം സമ്മതിക്കാം. കമ്മ്യൂണിസ്റ്റ് തത്ത്വശാസ്ത്രം 'അനാസക്തി' യോഗത്തിൽ വിശ്വസിക്കുന്ന ഒന്നല്ല. ഇവിടെയാണ് ഗാന്ധിയൻ ദർശനവും കമ്മ്യൂണിസ്റ്റ് ദർശനവും തമ്മിലുള്ള മൗലികമായ അന്തരം. മനുഷ്യന്റെ എല്ലാ ആവശ്യങ്ങളും തൃപ്തിപ്പെടുത്തുന്നതിനുള്ള കഴിവ് ഇന്നു നമുക്കില്ല. അതുകൊണ്ട് ആവശ്യങ്ങൾ ചുരുക്കുക എന്നാണ് മഹാത്മാഗാന്ധി ഉപദേശിക്കുന്നത്. ഇതിനോട് കമ്മ്യൂണിസ്റ്റുകാർ യോജിക്കുന്നില്ല. സയൻസിന്റെ പുരോഗതിയോടുകൂടി, പ്രകൃതിശക്തികളെ കീഴ്പ്പെടുത്തി മനുഷ്യന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള കഴിവ് വർദ്ധിക്കുന്നതോടുകൂടി, മനുഷ്യാവശ്യങ്ങളും വർദ്ധിതമായ തോതിൽ തൃപ്തിപ്പെടുത്താൻ സാധിക്കും. പക്ഷേ, അങ്ങനെ വരുമ്പോൾ ഇതുവരെ ഒന്നുമില്ലാതിരുന്നവർക്ക് മുൻഗണന കൊടുത്തു തൃപ്തിപ്പെടുത്തുകയല്ലാതെ, ഒരു ന്യൂനപക്ഷത്തിന്റെ അമിതഭോഗത്തിന് പ്രയോജനപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം. ഇത് എങ്ങനെ നിർവ്വഹിക്കാമെന്നത് സാമൂഹ്യവ്യവസ്ഥയുടെ കാര്യമാണ്. രണ്ടാമതു പറഞ്ഞതാണ് മുതലാളിത്തസമൂഹത്തിൽ നടക്കുന്നത്. സോഷ്യലിസ്റ്റ്സമൂഹത്തിൽ നടക്കുന്നത് ആദ്യം പറഞ്ഞതും.

ഇതാണോ ഇന്നു റഷ്യയിൽ നടക്കുന്നതെന്നു ചോദിച്ചാൽ, അതേ എന്നാണ് നിസ്സംശയമായ ഉത്തരം. ഭൗതികസുഖങ്ങളോട് അവർക്ക് ഒരിക്കലും പുച്ഛമില്ല. പക്ഷേ, അതിന്റെ അർത്ഥം റഷ്യക്കാരെല്ലാം തിന്നും കുടിച്ചും മദിച്ച് കൂത്താടുന്നു എന്നല്ല. നേരെമറിച്ച് ഇത്രയും അച്ചടക്കത്തോടും ആത്മനിയന്ത്രണത്തോടും സാമൂഹ്യബോധത്തോടുംകൂടി പെരുമാറുന്ന ഒരു ജനതയെ നിങ്ങൾക്കു മുതലാളിത്തരാജ്യങ്ങളിൽ കാണാൻ കഴിയുകയില്ല.

തുല്യതയെപ്പറ്റി ഡോ. ഭാസ്കരൻനായർ പറയുന്നത് വെറും ഒരു തെറ്റിദ്ധാര



Digitized by Kerala Sahitya Akademi

## സ്പോർട്സിന് ഒരു ഗുരുകുലം

(17-ാം പേജിൽ നിന്നും തുടർച്ച)

സ്പോർട്സ് അധികാരികളുടെ ഈ നടപടി.

തങ്ങളുടെ കുട്ടികൾക്ക് പ്രയോജനകരമായ കോമ്പറ്റീഷൻ നൽകാൻ കഴിയുന്നില്ല എന്നതാണ് കോച്ചുകളുടെ വേറൊരു സങ്കടം. മിക്കവാറും, കോളജിലുള്ള മീറ്റുകളിൽ തങ്ങളേക്കാൾ നിലവാരം താഴ്ന്നവരുമായാണ് മത്സരിക്കേണ്ടിവരിക. അതു് ഇവരെ സഹായിക്കുകയില്ലല്ലോ. അതുകൊണ്ട് സ്റ്റേറ്റിനു പുറത്തു്, ഇവർക്ക് പ്രയോജനം നൽകാൻ കഴിയുന്ന മൽസരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കേണ്ടതു് ആവശ്യമാണ്.

## സ്പോർട്സ് സ്കൂൾ പാവപ്പെട്ടവർക്കോ?

സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരുടെ സ്പോർട്സ് സ്കൂളിനോടുള്ള നിലപാടിന്റെ കാര്യത്തിൽ ഇവിടെ പൊതുവായി ഒരു വിഷമമുള്ളതായി കണ്ടു. തങ്ങളുടെ കീഴിലുള്ള കൊച്ചുവാഗ്ദാനങ്ങളെ ഇങ്ങോട്ടയയ്ക്കാൻ അവർക്കു താല്പര്യമില്ല. തങ്ങൾ അത്രയും നാൾ പാടുപെട്ടതിന്റെ ഫലം സ്പോർട്സ് സ്കൂളിലെ കോച്ച് അനുഭവിക്കുമെന്ന ചിന്തയാണ് ഇതിനു കാരണമത്രേ. പക്ഷേ, ഈ സ്കൂൾ തുടങ്ങിയതിന്റെ ഉദ്ദേശ്യം മനസ്സിലാക്കാതെയുള്ള ഒരു ധാരണയാണ് ഇതെന്നേ കരുതാനാവൂ. ഇങ്ങനെയൊന്നുണ്ടെങ്കിൽ സാധാരണയായി നമ്മുടെ സ്കൂളുകളിൽ ലഭിക്കുന്നതിനേക്കാൾ വിദഗ്ധപരിശീലനം കുട്ടികൾക്ക് സ്പോർട്സ് സ്കൂളിൽ കിട്ടും. "ആ അവസരം തന്റെ കുട്ടിക്ക് ഒരുക്കിക്കൊടുക്കുകയാണ് താല്പര്യമുള്ള ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ ചെയ്യേണ്ടതു്." അതിനുപകരം പലരും സ്പോർട്സ് സ്കൂളിനെക്കുറിച്ച് കുട്ടികളുടെയും രക്ഷാകർത്താക്കളുടെയുമിടയിൽ തെറ്റിദ്ധാരണകൾ പരത്തുകയാണത്രേ ചെയ്യുന്നതു്. താമസത്തിനും ആഹാരത്തിനും കാശു കൊടുക്കേണ്ട എന്നതുകൊണ്ട്, 'പോക്കില്ലാത്തവർക്കുവേണ്ടിയാണ്' ഈ സ്ഥാപനം എന്നൊരു ധാരണ പലരിലും ഉണ്ടായിട്ടുണ്ടെന്ന് വിഷമത്തോടെ ഒരു കോച്ച് പറഞ്ഞു.

## കാഴ്ചപ്പാടിലെ വൈരുദ്ധ്യം

**ഒരു ഭരണാധികാരിക്കും ഒരു കോച്ചിനും**

തങ്ങളുടെ കീഴിലുള്ള കുട്ടികളുടെ വളർച്ചയെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ കുറച്ച് വ്യത്യാസമുണ്ടാകാതെ വയ്യ. ഒരു ഭരണാധികാരിക്ക് തന്റെ സ്ഥാപനത്തിന്റെ നേട്ടങ്ങൾ എണ്ണിപ്പറയാൻ താല്പര്യമേറും. എന്നാൽ ഒരു കോച്ചിന് ഈ ചുരുങ്ങിയ കാലയളവിൽ അതിനുള്ള സാവകാശമില്ല. അയാൾക്ക് കുറെ നല്ല കളിക്കാരെ സൃഷ്ടിക്കാനേ കഴിയൂ; അതാണ് അയാളുടെ ലക്ഷ്യവും. ("8-ലും, 9-ലും ഞാൻ ബാലപാഠങ്ങൾ ഉറപ്പിക്കാൻ നോക്കുന്നേയുള്ളു. പത്തിൽ മാത്രമേ ഞാൻ ടാക്റ്റിക്സ് പഠിപ്പിക്കാൻ തുടങ്ങുന്നുള്ളു"—ഷാജി). കുട്ടികളെ പെട്ടെന്ന് മത്സരത്തിനു തയ്യാറാക്കുക എന്നുവച്ചാൽ അവരുടെ പരിശീലനത്തിന്റെ അവസാനവളവും തിരിയുക എന്നർത്ഥമാണ്. അതിനവർ തയ്യാറായിക്കാണുകയില്ല. ഇന്ന് ഒരു കോച്ച് സ്പോർട്സ് സ്കൂളിൽ ചെയ്യുന്നതു് ഒരു കോംപ്രമൈസ് ഫോർമുലയനുസരിച്ചത്രേ. ശുദ്ധ പരിശീലനവും മൽസരത്തിന് തയ്യാറാക്കലും കൂടിച്ചേർന്ന ഒരു ഫോർമുല. കുട്ടികൾ ഇവിടെ പഠിക്കുമ്പോൾ എന്തു നേടി എന്നതിനേക്കാൾ ഈ സ്കൂളിൽ പഠിച്ചിരുന്ന കുട്ടികൾ പിന്നീട് എന്തൊക്കെ നേടി എന്നു നോക്കുകയാവും യുക്തമെന്ന പക്ഷക്കാരനാണ് ഞാൻ.

എല്ലാവിധ ഔഷധങ്ങളും
മൊത്തമായും ചില്ലറയായും
**കൃഷ്ണാ**
**മെഡിക്കൽ സ്റ്റോഴ്സ്**
പഴവങ്ങാടി, തിരുവനന്തപുരം.
S K P ഫോൺ: 5454

●

## എന്റെ ഓർമ്മക്കുറിപ്പുകൾ

(35-ാം പേജിൽനിന്നും തുടർച്ച)

ഇങ്ങനെ പഠനംനടത്തുന്ന സമയത്തു് പെട്ടെന്ന് അതിഭയങ്കരമായ മുഴക്കത്തോടെയുള്ള ഒരു സ്ഫോടനം കേട്ടു. ഞങ്ങൾ ഞെട്ടിത്തെറിച്ചു. ഞങ്ങളിരുന്നിരുന്ന സ്ഥലത്തിന്റെ തൊട്ടടുത്തുനിന്നാണ് ഈ ശബ്ദം കേട്ടതു്. ചുറ്റും കാടായിരുന്നതിനാൽ ഒന്നും കാണാൻ കഴിയുമായിരുന്നില്ല. എന്താണ് ആ ശബ്ദം? എല്ലാവരും അന്ധാളിച്ചു. സ്ഫോടനം കേട്ട ഭാഗത്തുനിന്ന് കുറെ ചില്ലുകൾ, ആ വശത്തിരുന്ന സഖാക്കളുടെമേൽ പറന്നുവീണിട്ടുണ്ടായിരുന്നു. പൊലീസ് വെടിവച്ചതാണോ? ഞങ്ങൾ അന്യോന്യം ചോദിച്ചു. ഈ ചോദ്യമുദിച്ചയുടനെതന്നെ സഖാക്കളെല്ലാവരും ഓടി നാലുഭാഗത്തും പോയി ഒളിച്ചു. പൊലീസ് ഞങ്ങളുടെ ക്യാമ്പ് കണ്ടുകഴിഞ്ഞുവോ? ഞങ്ങളെ പിടിക്കാൻ വരുന്നതിന്റെ ലക്ഷണമാണോ ഇതു്? അഞ്ചുപത്തു മിനിട്ടുകൾ ഒന്നുമറിയാൻ കഴിയാതെ കടന്നുപോയി. എല്ലാവരും ശബ്ദമുണ്ടാക്കാതെ ശ്വാസം പിടിച്ചുനിന്നു; പൊലീസ് ഇപ്പോൾ ഞങ്ങളുടെ ക്യാമ്പിലേക്കു വരുമെന്ന തോന്നലോടെ. എന്നാൽ പിന്നീട് യാതൊന്നും സംഭവിച്ചില്ല. പൊലീസിനെയോ മറ്റാരെയെങ്കിലുമോ കാണാനില്ലായിരുന്നു. ആ സ്ഫോടനം കഴിഞ്ഞശേഷം പിന്നെ ഒന്നും കേൾക്കാനില്ല.

അപ്പോഴാണ് സഖാക്കളാരോ പറഞ്ഞതു്, സഖാവ് കിസാൻ തൊമ്മൻ ഡൈനാമിറ്റുകളും കൈബോംബുകളും ഇട്ടുവച്ചിരുന്ന സഞ്ചിയുമെടുത്തു് അപ്പുറത്തേക്ക് പോയിരുന്നുവെന്ന്. എന്നാൽ സഖാവ് കിസാൻ തൊമ്മന് വല്ലതും പറ്റിയതാണോ? ഇതുകേട്ടപ്പോൾ സഖാക്കൾ വർഗീസും കൃഷ്ണൻകുട്ടിയും ഒളിച്ചിരിക്കുന്ന സ്ഥലത്തുനിന്ന് എഴുന്നേറ്റു. "അപ്പുറത്തെന്താണ് സംഭവിച്ചതെന്ന് നോക്കിയിട്ട് വരാം. നിങ്ങളെല്ലാവരും ക്യാമ്പിൽത്തന്നെയിരുന്നാൽ മതി" എന്നുപറഞ്ഞ് അവർ സ്ഫോടനം കേട്ട ഭാഗത്തേക്കു പോയി.

സഖാവ് കിസാൻ തൊമ്മന് എന്തെങ്കിലും സംഭവിച്ചുവോ? (തുടരും)

●

## ബുദ്ധിജീവികളുടെ അദ്ഭുതകരമായ ആന്ധ്യം

(30-ാം പേജിൽനിന്നും തുടർച്ച)

ക്കി കുറച്ചുകൊടുത്തുകൊണ്ടുള്ള ഒരു ഭേദഗതി പുതിയ ഭരണഘടനയിൽ ഉൾച്ചേർത്തിരിക്കുന്നു. അങ്ങനെ എല്ലാ വിധത്തിലും കുടുംബബന്ധങ്ങൾ ഭദ്രമാക്കാനും അതിന്റെ പവിത്രത നിലനിറുത്താനും സോവിയറ്റ് യൂണിയൻ പരമാവധി ശ്രമിക്കുന്നു. അമേരിക്കയെ അപേക്ഷിച്ച് സോവിയറ്റ് യൂണിയനിൽ വിവാഹമോചനങ്ങൾ താരതമ്യേന വളരെവളരെ കുറവാണെന്നതു് യാദൃച്ഛികമാണോ? ഇക്കാരണങ്ങൾകൊണ്ടെല്ലാം പാശ്ചാത്യർ സോവിയറ്റ് സമൂഹത്തെ ഒരു യാഥാസ്ഥിതികസമൂഹമായിപ്പോലും ആക്ഷേപിക്കുന്നു. ഡോ. ഭാസ്കരൻ നായർക്ക് ആ അഭിപ്രായമുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. എനിക്കേതായാലും ഇല്ല. ഇതാണ് യാഥാസ്ഥിതികത്വമെങ്കിൽ ഞാൻ അതിനെ ഇഷ്ടപ്പെടുന്നു.

ഇനിയും ഉദാഹരണങ്ങൾ പെരുപ്പിച്ച് ലേഖനം ദീർഘിപ്പിക്കുന്നില്ല. 'ദൈനംദിന ജീവിതത്തിലെ മുഖച്ഛായയിലും മൂല്യങ്ങളിലും' മോസ്കോയും ന്യൂയോർക്കും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്ന ഡോ: ഭാസ്കരൻനായരുടെ നിഗമനം പാടേ തെറ്റാണ്. കുററങ്ങളും കുറവുകളും ഉണ്ടായേക്കാം. അപൂർണ്ണതകൾ പലതും കണ്ടേക്കാം. ത്യാജ്യങ്ങളായ ചിലതു് ഇനിയും അവശേഷിക്കുന്നുണ്ടാകാം. ഏതു മനുഷ്യസ്ഥാപനത്തിലും അതു കാണും. നമുക്കവയെ വിമർശിക്കാതെ തിരുത്താൻ പറയാം. ഒക്കെച്ചെയ്യാം. എന്നാൽ റഷ്യയിൽ കഴിഞ്ഞ 50 വർഷമായി കെട്ടിപ്പടുത്തുവരുന്ന സാമൂഹ്യവ്യവസ്ഥിതി, അതിന്റെ മാനുഷികമൂല്യങ്ങൾ, അടിസ്ഥാനപരമായിത്തന്നെ മുതലാളിത്ത സാമൂഹ്യ വ്യവസ്ഥിതിയിൽനിന്നും ഭിന്നമാണ് എന്നു കാണാതിരിക്കുന്നതു് തികഞ്ഞ ആന്ധ്യമാണെന്നത്രേ എന്റെ അഭിപ്രായം.

രണ്ടു കാര്യങ്ങളെപ്പററി എഴുതാനാണ് ഞാൻ പുറപ്പെട്ടതു്. അതിൽ ഒന്നിനെപ്പററി മാത്രമേ എഴുതാൻ കഴിഞ്ഞുള്ളു.



Digitized by Kerala Sahitya Akademi

പ്പോത്തിന്റെ വട്ടക്കൊമ്പ് വാതിലിൽ തടയാതിരിക്കുമോ? ഒരു വശത്തേക്ക് തല യല്പം ചരിച്ച് കടന്നുപോന്നാലെന്താ? തിരുമേനി എന്താണ് 'പൊട്ടൻ'കളിക്കുന്നത്?

പക്ഷേ, പുറത്തുകടക്കാൻ കഴിയാതെ കീഴ്ശാന്തി അപ്പോഴും വിഷമിക്കുകയായിരുന്നു. അന്തരീക്ഷം വീർപ്പുമുട്ടി നിൽക്കുന്നു. വാരിയർക്ക് സഹിച്ചില്ല. അയാൾ തികഞ്ഞ നിഷ്കളങ്കതയോടെ വിളിച്ചു പറഞ്ഞു:

"തിരുമേനി! ആ തലയല്പം ചരിയ്ക്കൂ, കൊമ്പു തടയുന്നതു കണ്ടില്ലേ?"

പിന്നെ വേണ്ട താമസം. കീഴ്ശാന്തി തലയല്പം ചരിച്ചു. നിഷ്പ്രയാസം പുറത്തു കടക്കുകയും ചെയ്തു! കൂടി നിന്നിരുന്ന ഭക്തജനങ്ങൾ ഉറക്കെ വിളിച്ചു:

"ഹരേ കൃഷ്ണ! ഹരേ കൃഷ്ണ!"

എന്നാൽ തന്റെ ഭൃത്യന്റെ വാക്കുകൾ അവിവേകമായാണ് വില്വമംഗലത്തിന് തോന്നിയത്. അദ്ദേഹം ക്ഷോഭിച്ചു:

"എന്തസംബന്ധമാണ് പറഞ്ഞത്?"

"അങ്ങേയ്ക്ക് അരുതാത്തതെന്തെങ്കിലും ചെയ്യേണ്ടതായി വന്നിട്ടുണ്ടോ? എന്ന്, പണ്ട് അരുളിച്ചെയ്തില്ലേ? ആ പടിപ്പോത്തിന്റെ അവതാരത്തിലായിരുന്നില്ല, ഗുരുവായൂരപ്പൻ ഇപ്പോൾ? അതുകൊണ്ടല്ലേ, കൊമ്പ് വാതിലിൽ തടഞ്ഞിരുന്നത്?"

തെററുപററിയതു തനിക്കാണെന്ന് വില്വമംഗലത്തിനു ബോദ്ധ്യമായി. തന്റെ ഭൃത്യന്റെ നിഷ്കളങ്കമായ ഭക്തിയുടെയും അടിയുറച്ച വിശ്വാസത്തിന്റെയും മുൻപിൽ, ആ ജ്ഞാനി സാഷ്ടാംഗം നമസ്കരിച്ചു!

## ആയുരാരോഗ്യസൗഖ്യം

രോഗികൾക്ക്, പ്രത്യേകിച്ചും വാതരോഗികൾക്ക്, രോഗോപശാന്തിക്കുള്ള ഒരു അഭയകേന്ദ്രമായി ഗുരുവായൂർ പരക്കെ അറിയപ്പെടാൻ തുടങ്ങിയതു മേല്പുത്തൂരിന്റെ കാലം തൊട്ടാണ്.

മേല്പുത്തൂരിന്റെ കഥ മുൻപ് ഒരദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ രോഗശമനത്തിന്റെ വിശദാംശങ്ങളറിയുമ്പോഴേ എന്തു ദിവ്യാത്ഭുതശക്തിയാണ് അതിന്റെ പിന്നിലുള്ളതെന്ന് വിശദമാകൂ.

മേല്പുത്തൂരിന്റെ പാണ്ഡിത്യഗരിമയെക്കുറിച്ച് മുൻപു സൂചിപ്പിച്ചിട്ടുണ്ട്. തന്റെ സിദ്ധികളെക്കുറിച്ച് പരിപൂർണ്ണ ബോധവാനുമായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ തെല്ലൊരു അഹന്തയും ആ സ്വഭാവത്തിന്റെ അംശമായി വളർന്നു കഴിഞ്ഞിരുന്നു. ചെറുപ്പത്തിൽ തികച്ചും അനിയന്ത്രിതമായ ഒരു ജീവിതമായിരുന്നു മേല്പുത്തൂരിന്റേത്. തന്മൂലം, ചെറുപ്പത്തിലേതന്നെ അദ്ദേഹം രോഗബാധിതനാവുകയും ചെയ്തു. വാതം പിടിച്ച് കൈകാലുകൾ അനക്കാൻപോലും വയ്യാതെ മേല്പുത്തൂർ കുഴങ്ങി. അന്ന് അറിയാവുന്ന എല്ലാവിധ ചികിത്സാവിധികളും ശീലിച്ചുനോക്കിയിട്ടും, രോഗം തെല്ലും ശമിച്ചില്ലെന്നു മാത്രമല്ല, ക്രമേണ അധികമായി വരുകയും ചെയ്തു. ഒടുവിൽ അദ്ദേഹം തീരെ നിസ്സഹായനായിത്തീർന്നു. ജീവിതംതന്നെ ഒരു കൊടുംശാപമായി അദ്ദേഹത്തിനു തോന്നി. പണ്ഡിതനും തത്ത്വവേദിയുമായിരുന്നിട്ടും, മേല്പുത്തൂർ, നിരാശതയുടെ പാരമ്യത്തിൽ മന്ത്രവാദംപോലും ചെയ്തുനോക്കി, സുഖക്കേടു മാറിക്കിട്ടാൻ. പക്ഷേ, അദ്ദേഹത്തിന്റെ വാതം അത്തരത്തിലൊന്നും മാറുന്നതായിരുന്നില്ല.

ആയിടയ്ക്കാണ്, പൂന്താനം ഗുരുവായൂരിലെത്തി ഭജന തുടങ്ങിയിരുന്നത്. തന്റെ ഉണ്ണി കഴിഞ്ഞുപോയ ദുഃഖം പൊറുക്കാനാവാതെ നിരാശതയിൽ മുഴുകിയ പൂന്താനത്തിന് ഒടുവിൽ മനസ്സിന് തെല്ലാശ്വാസം ലഭിച്ചതു ഗുരുവായൂരിലെ ഉണ്ണികൃഷ്ണനെ മനസ്സിൽ കൊണ്ടുനടന്നിട്ടാണ്. ഇക്കാര്യം ഒരുപക്ഷേ, മേല്പുത്തൂരും കേട്ടുകാണണം. നിരാശതയിൽ മുങ്ങിപ്പോയ മേല്പുത്തൂരിന്റെ ഹൃദയത്തിൽ ഒരു ആശയുടെ കിരണം. ഗുരുവായൂരപ്പൻ തന്റെ മനസ്സിനും ശാന്തിയരുളുകയില്ലേ?

അങ്ങനെ ശാരീരികമായും മാനസികമായും നിശ്ശേഷം തകർന്ന നിലയിലാണു ഭട്ടതിരി ഗുരുവായൂരിലെത്തുന്നത്. എത്തിയപാടേ, ഗുരുവായൂരപ്പനിൽ എല്ലാം അർപ്പിച്ച് അദ്ദേഹം ഭജന തുടങ്ങി. അധികം താമസിയാതെ 'നാരായണീയ'രചനയും ആരംഭിച്ചിരിക്കണം. നാരായണീയത്തിൽത്തന്നെ, തന്റെ വാതരോഗത്തേയും അവശതയേയും പററി ഭട്ടതിരി പ്രസ്താവിച്ചിട്ടുണ്ട്. "വാതാത്മകോ വാൻ മമ ഗദാൻ കിമുനോ ധുനോഷി" (43–10). ഇവിടെത്തന്നെ, "വാതാത്മകനായ ഭനുജനെ," നിഗ്രഹിച്ചരുളുന്ന 'അനിലാലയേശ'ന് തന്റെ വാതരോഗം ശമിപ്പിക്കാൻ വിഷമമില്ലല്ലോ എന്നു ധ്വനിപ്പിക്കുകയും, തുടർന്ന്, "നിശ്ശേഷരോഗശമനം" പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. ഭട്ടതിരി, ഈ സന്ദർഭത്തിൽ, ശാരീരികമായ വാതരോഗം മാത്രമല്ല, "അന്തർഭാഗത്തിലുള്ള രാഗദ്വേഷാദി രോഗങ്ങളും" കൂടി ശമിപ്പിക്കാൻ പ്രാർത്ഥിക്കുന്നതായി കൈക്കുളങ്ങര രാമവാരിയർ വ്യാഖ്യാനിക്കുന്നു. നാരായണീയ രചനയാരംഭിച്ച് നൂറു ദിവസം നീണ്ടുനിന്ന വ്രതചര്യാസദൃശമായ ഭജനവും കാവ്യരചനയുംകൊണ്ട്, "ആയുരാരോഗ്യസൗഖ്യം" എന്ന് കാവ്യം അവസാനിപ്പിക്കുമ്പോഴേക്ക്, ഭട്ടതിരിയുടെ ശാരീരികക്ലേശം നിശ്ശേഷം മാറിക്കഴിഞ്ഞിരുന്നു. മാത്രമല്ല, മുൻപുണ്ടായിരുന്ന പാണ്ഡിത്യഗർവവും നിരീശ്വരവാദവും മററും പാടേ നീങ്ങി, അന്തർഭാഗത്തിലുള്ള രാഗദ്വേഷാദിരോഗങ്ങളും മാറിയിരുന്നു. ഭട്ടതിരിയുടെ വിസ്മയജനകമായ രോഗോപശാന്തിയും നാരായണീയരചനയും അദ്ദേഹത്തിന്റെ മാത്രമല്ല, ഗുരുവായൂരിന്റെയും പ്രശസ്തി അനശ്വരവും പുനശ്ചോദ്ദീപ്തവുമാക്കാൻ സഹായിച്ചു.

വാസുദേവന്റെ 'ഭ്രമരസന്ദേശ'ത്തിൽ ഗുരുവായൂർക്ഷേത്ര വർണ്ണനയിൽ, ദേവനെ വാതരോഗോപശമയിതാവായി ചിത്രീകരിച്ച് സ്തുതിക്കുന്നുണ്ടെന്ന് ഡോ: കുഞ്ഞുണ്ണിരാജാ ചൂണ്ടിക്കാണിക്കുന്നു.

(തുടരും)





**ത്വക്ക്രോഗങ്ങൾ,** കുഷ്ഠം, സിഫിലിസ്, ഗൊണോറിയാ, ലൈംഗികബലഹീനത, ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, സ്ത്രീകളുടെ ആർത്തവദോഷങ്ങൾ, വെള്ളപോക്ക്, അരക്കെട്ട് ചൊറിഞ്ഞുതടിക്കുക, കാലിലെ രോമകൂപങ്ങൾ പഴുത്തു രോമം പൊഴിയുക, എക്സിമ, വെള്ളപാണ്ഡ്, ചൊറി, പുഴുക്കടി, രക്തവാതം, സോറിയാസിസ് (ചെമ്പുതകിടുപോലെ തടിച്ചു ചെതുമ്പൽ പൊഴിയുക), രക്തദൂഷ്യം, മുഖത്തും തലയിലും ഉണ്ടാകുന്ന വട്ടംവട്ടമായ രോമം കൊഴിച്ചിൽ, മുഖക്കുരു, താരൻ, മുടികൊഴിച്ചിൽ എന്നീ രോഗങ്ങൾ വേഗം സുഖപ്പെടുത്തുന്നു. രോഗികൾ ത്വക്ക് രോഗചികിത്സയിൽ ലോകപ്രശസ്തിയാർജ്ജിച്ച ഇന്ത്യയിലെ പ്രമുഖ ആയുർവ്വേദ സ്ഥാപനമായ വല്ലഭശ്ശേരി ത്വക്ക്രോഗചികിത്സാലയത്തിൽ വന്നു നേരിൽ കാണുകയോ കത്തുവഴി ചികിത്സിക്കുകയോ ചെയ്യുക. മറുപടിക്ക് സ്റ്റാമ്പയയ്ക്കണം. എല്ലാ ദിവസവും 10 A. M. മുതൽ 6 P. M. വരെ ചികിത്സ ഉണ്ടായിരിക്കുന്നതാണ്.



**വല്ലഭശ്ശേരി ത്വക്ക്രോഗ ചികിത്സാലയം**

ട്രാൻസ്പോർട്ട് ബസ്സ്റ്റാൻഡിനു സമീപം (പാത്ഥാസിന് എതിർവശം)

**ചങ്ങനാശ്ശേരി-686101, കേരളം, ഇന്ത്യ.**




Digitized by Kerala Sahitya Akademi

# ബുദ്ധിജീവികൾ അന്ധരാണോ?

**അടിയന്തരാവസ്ഥക്കാലത്ത് അച്യുതമേനോനെപ്പോലുള്ളവർ സ്ഥാനമാനങ്ങൾ വച്ചുസൂക്ഷിക്കാനല്ലേ അന്ധത നടിച്ച് മൗനം ദീക്ഷിച്ചത്? ലേഖകൻ ചോദിക്കുന്നു.**

**സി. നാരായണപിള്ള**

ആരാണെന്ന് മി. സി. അച്യുതമേനോൻ പറയുന്ന അടിയന്തരാവസ്ഥയിൽ കേരളത്തിലെ മുഖ്യമന്ത്രി ആയിരുന്ന അദ്ദേഹം അന്നു ബുദ്ധിജീവികൾ ഇന്ത്യയുടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിയെ സംബന്ധിച്ചിടത്തോളം യാതൊരു സംഭാവനയും നൽകിയിട്ടില്ലെന്നു പ്രസ്താവിക്കയുണ്ടായി. സെൻസർഷിപ്പിന്റെ വരിഞ്ഞുകെട്ടുന്ന ചട്ടങ്ങൾ പത്രങ്ങളെ ശ്വാസംമുട്ടിക്കുന്ന അക്കാലത്ത് കലാകൗമുദിയിൽ പ്രസിദ്ധപ്പെടുത്തിയ അച്യുതമേനോന്റെ ലേഖനത്തിനു ഞാനൊരു മറുപടി എഴുതിയിരുന്നു. അപ്രതീക്ഷിതമാംവണ്ണം അന്നത്തെ നിയന്ത്രണങ്ങളെ വെല്ലുവിളിച്ചുകൊണ്ട് കലാകൗമുദി ആ ലേഖനം പ്രസിദ്ധപ്പെടുത്തി. മി. മേനോൻ ഒരു പടികൂടി മുന്നോട്ടുകടന്നു ബുദ്ധിജീവികൾ അന്ധരാണെന്ന് അഭിപ്രായപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഭരണനീതിയും സാമ്പത്തിക വ്യവസ്ഥയുമെന്തായിരുന്നാലും സാമാന്യജനങ്ങളുടെ ദൈനംദിന ജീവിതമുഖച്ഛായയിലും ജീവിതമൂല്യങ്ങളിലും ന്യൂയോർക്കും മോസ്കോയും തമ്മിൽ വ്യത്യാസമില്ലെന്ന്, കേട്ടുകേൾവിയെ അടിസ്ഥാനമാക്കി ഡോ: ഭാസ്കരൻ നായർ കലാകൗമുദിയിൽ എഴുതിയ ലേഖനത്തിൽ പ്രസ്താവിച്ചിരുന്നതാണ്, ബുദ്ധിജീവികൾ അന്ധരാണെന്നു വിധിക്കുവാൻ മി. മേനോനുണ്ടായ പ്രകോപനഹേതു

ഡോ: ഭാസ്കരൻ നായരും മി. അച്യുതമേനോനും തമ്മിലുള്ള വാദപ്രതിവാദത്തിൽ പങ്കുചേരുവാനുള്ള ഔദ്ധത്യം എനിക്കില്ല. എന്നാൽ ഇന്ദിരാഗാന്ധിമുതൽ അച്യുതമേനോൻവരെയുള്ള ഭരണാധികാരികളാലും കമ്മ്യൂണിസ്റ്റ് സിദ്ധാന്തവാദികളാലും ഒട്ടധികം അപവദിക്കപ്പെട്ടിട്ടുള്ളവരും ഇപ്പോഴും അപവദിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരുമായ ബുദ്ധിജീവികൾക്കുവേണ്ടി ഒരെളിയ വാക്കു പറയുക എന്നുള്ളതുമാത്രമാണ് എന്റെ ഉദ്ദേശ്യം. ആർട്ടിക് പ്രദേശങ്ങളിലോ, ആഫ്റിക്കയിലോ, ചൈനയിലോ, മോസ്കോയിലോ, ന്യൂയോർക്കിലോ ഉള്ള ദൈനംദിനജീവിതമുഖച്ഛായയിലും ജീവിതമൂല്യങ്ങളിലും യാതൊരു വ്യത്യാസവുമില്ലെന്ന് ഡോ: ഭാസ്കരൻ നായർ പ്രസ്താവിക്കുമ്പോൾ ലോകോത്ഭവകാലംമുതൽക്ക് മാനവസമുദായത്തിന്റെ നൈസർഗ്ഗികമായുള്ള മാനസിക പ്രവർത്തനങ്ങളേയും ജീവിതമൂല്യങ്ങളേയുമാണ് അദ്ദേഹം വിവക്ഷിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. പരിഷ്കാരത്തിന്റെ തുഞ്ചത്തിരിക്കുന്നു എന്ന് അഭിമാനിക്കുന്ന വെള്ളക്കാരന്റേയും, നീഗ്രോയുടേയും, പതിഞ്ഞമൂക്കുള്ള ചൈനാക്കാരന്റേയും, ഇരുണ്ടനിറമുള്ള ഇന്ത്യാക്കാരന്റേയും, സോഷ്യലിസത്തിന്റെ പ്രവാചകരായ റഷ്യക്കാരുടേയും അടിസ്ഥാനപരമായ ജീവിതമൂല്യങ്ങൾക്കും ദൈനംദിന ജീവിതത്തിലെ മാനസികമായ പ്രവർത്തനങ്ങൾക്കും ഐകരൂപ്യമുണ്ടെന്നാണ് അദ്ദേഹം സിദ്ധാന്തിക്കുന്നതെന്നാണ് ഞാൻ ധരിച്ചത്.

മി. അച്യുതമേനോൻ റഷ്യൻ സോഷ്യലിസത്തേയും മോസ്കോയിലെ ജീവിതത്തേയുംപററി തന്റെ ലേഖനത്തിൽ രചിച്ചിട്ടുള്ള ഐതിഹാസികമായ അതിശയോക്തികളും ഭൗതികവാദങ്ങളും മി. ഭാസ്കരൻ നായർ ഉന്നയിക്കുന്ന ലോകസിദ്ധാന്തങ്ങൾക്ക് മറുപടിയാകുകയില്ല. ഒരു ഉദാഹരണം മാത്രം പറയാം: സ്റ്റാലിൻ അധികാരദുർമ്മോഹംകൊണ്ടും മനുഷ്യേതരമായ ക്രൂരതകളുടെ പ്രതിരൂപമെന്ന നിലയിലും തന്റെ ഭരണകാലത്ത് റഷ്യയിൽ നടത്തിയ മൃഗീയമായ കൂട്ടക്കൊലകളും രക്തച്ചൊരിച്ചിലും രഹസ്യപ്പോലീസിന്റെ മർദ്ദനങ്ങളും അന്നുതന്നെ പാശ്ചാത്യ രാജ്യങ്ങളുടെ കർക്കശമായ വിമർശനത്തിന് വിഷയമായിരുന്നു. പ്രസ്തുത വിമർശനങ്ങൾ മുതലാളിത്ത രാഷ്ട്രങ്ങളിലെ അസൂയാലുക്കളും സോഷ്യലിസത്തിന്റെ ശത്രുക്കളുമായ ദുഷ്ടബുദ്ധികളുടെ കള്ളപ്രചാരണമാണെന്നും, റഷ്യ ജനകീയ ജനാധിപത്യത്തിന്റെ മാതൃകാ രാഷ്ട്രമാണെന്നുമായിരുന്നു മി. അച്യുതമേനോൻ ഉൾപ്പെടെയുള്ള അന്ധരായ ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ വിശ്വസിച്ചതും പ്രചരിപ്പിച്ചതും. എന്നാൽ സ്റ്റാലിന്റെ മരണശേഷം ഈ ദുഃഖസത്യങ്ങളും സ്റ്റാലിന്റെ ഭീകരവാഴ്ചയും ക്രൂഷ്ചേവ് ലോകത്തോടു തുറന്നുപറയുമ്പോൾ മനുഷ്യസമുദായം ഞെട്ടിപ്പോകയാണുണ്ടായത്. സ്റ്റാലിന്റെ ഭരണകാലത്തുപോലും പാശ്ചാത്യ രാഷ്ട്രങ്ങളും റഷ്യയിലെ സാധാരണ ജനങ്ങളും ആദരിക്കയും പിന്തുടരുകയും ചെയ്തിരുന്ന മാനുഷികമൂല്യങ്ങൾക്ക് ഐകരൂപ്യമുണ്ടെന്നല്ലേ ഇതു തെളിയിക്കുന്നത്? ഭവിഷ്യത്തുകൾ ഭയന്ന് അന്നു റഷ്യൻ ജനത മൗനംദീക്ഷിച്ചെങ്കിലും മുതലാളിത്തരാഷ്ട്രങ്ങളിലെ സാധാരണ ജനങ്ങളുടേയും സോഷ്യലിസ്റ്റ് റഷ്യയിലെ മൂകരായിരുന്ന ജനങ്ങളുടേയും ഇന്ത്യയിലെ അന്ധരായിരുന്ന കമ്മ്യൂണിസ്റ്റുകളുടേയും ജീവിതമൂല്യം ഒന്നുതന്നെയാണെന്നല്ലേ ഇതു തെളിയിക്കുന്നത്?



Digitized by Kerala Sahitya Akademi

ലോകമൊട്ടുക്കുള്ള ഭൗതികവാദികളും ആത്മീയവാദികളും എന്നുവേണ്ട സാമാന്യജനങ്ങൾ മുഴുവൻതന്നെ ആദരിക്കയും ആചരിക്കയും, വിശ്വസിക്കയും ചെയ്യുന്ന ചില മൗലിക സിദ്ധാന്തങ്ങളുണ്ട്. മാനവസമുദായം ശ്രേഷ്ഠമെന്നും, ശ്രേയസ്കരമെന്നും വിശ്വസിക്കുന്ന ഈ ജീവിതമൂല്യങ്ങളുടെ അഭാവത്തിൽ ഈ ലോകം തന്നെ ആവാസയോഗ്യമല്ലാതായിത്തീരും. ഇതിന് ചില അപവാദങ്ങളുണ്ടാകാം. സമാധാനചിത്തരും അക്രമവിദ്വേഷികളുമായ ജനങ്ങളുടെ ഇടയിൽ കൊലപാതകികളുമുണ്ട്. അങ്ങനെ പ്രത്യക്ഷപ്പെടുന്ന ചില വിഭിന്നതകളെ ആസ്പദമാക്കിയല്ല മനുഷ്യൻ ജീവിതമൂല്യങ്ങളെ വിലയിരുത്തുന്നത്. മി. അച്ചുതമേനോൻ ഒരു ഭൗതികവാദിയാണെങ്കിലും ജീവിതമൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന ഒരു സാത്വികനാണ്. മി. ഭാസ്കരൻ നായർ സിദ്ധാന്തിക്കുന്ന റഷ്യയുടെയും അമേരിക്കയുടെയും ദൈനംദിന ജീവിതത്തിലും ജീവിതമൂല്യങ്ങളിലുമുള്ള ഐകരൂപ്യം ഇതുതന്നെയാണ്. മതവിശ്വാസം കൊണ്ടാകാം, ബുദ്ധിപരമായ ആയാസംകൊണ്ടാകാം, മനുഷ്യൻ സാംസ്കാരികമായി ഉയർന്നുവരുന്നതോടൊപ്പം ഈ ജീവിതമൂല്യങ്ങൾക്കുള്ള ഐകരൂപ്യവും വർദ്ധിക്കുന്നു. ഇംഗ്ലണ്ടിലേയും റഷ്യയിലേയും, അമേരിക്കയിലേയും, ചൈനയിലേയും, സാംസ്കാരികവശങ്ങളും വിശ്വസാഹിത്യവും, ഭാഷാപരമായ വൈവിധ്യം കണക്കിലെടുക്കാതെ എല്ലാ വിഭാഗം ജനങ്ങളും ആസ്വദിക്കുന്നതും, ഷേക്സ്പിയറുടെ കൃതികൾ റഷ്യയിലും, ടോൾസ്റ്റോയിയുടെയും ഡോസ്റ്റോയെവ്സ്കിയുടെയും കൃതികൾ ആഗോളമായും പ്രചരിക്കുന്നതും ജനങ്ങൾ വായിച്ചാസ്വദിക്കുന്നതും, സാംസ്കാരികവും, വികാരപരവുമായ ജീവിതമൂല്യങ്ങളിലുള്ള ഐകരൂപ്യം കൊണ്ടാണ്.

അമേരിക്കയിൽ നീഗ്രോച്ചേരികളുണ്ടെന്ന വാദം ഇതിന് മറുപടിയാകുമോ? അമേരിക്കയിൽ ചേരികളുണ്ടെങ്കിൽ റഷ്യയിൽ സൈബീരിയൻ തടങ്കൽത്താവളങ്ങളുണ്ടെന്നാണ് അതിന് മറുപടി. അമേരിക്കയിലെ നീഗ്രോകൾക്ക് അവരുടെ സ്വാതന്ത്ര്യത്തിനും ഉന്നമനത്തിനുംവേണ്ടി പ്രക്ഷോഭണം നടത്താം. ഭരണത്തിന്റെ തലപ്പത്തിരിക്കുന്നവരെ തകിടംമറിക്കാൻ ജനങ്ങൾക്ക് അവകാശമുണ്ട്. സൈബീരിയയിലെ തടങ്കൽപ്പുള്ളികളുടെ പക്ഷം പിടിച്ച് പ്രക്ഷോഭണം നടത്തുക റഷ്യയിൽ സാദ്ധ്യമാണോ? നിക്സനെ അമേരിക്കൻ പത്രങ്ങൾ അധികാരത്തിൽനിന്ന് ബഹിഷ്കരിച്ചതുപോലെ സ്റ്റാലിനെ ഭരണരംഗത്തുനിന്ന് തൂത്തെറിയുവാൻ റഷ്യൻ ജനതയ്ക്ക് കഴിയുമായിരുന്നോ? ഇവയൊക്കെ വിതണ്ഡാവാദങ്ങളാണ്. പ്രതിപാദ്യത്തോട് ബന്ധമില്ലാത്ത കുറ്റാരോപണങ്ങളും രാഷ്ട്രീയ വിമർശനങ്ങളുമാണ്.

മുതലാളിത്ത വ്യവസ്ഥിതിയിലെന്നപോലെതന്നെ സോഷ്യലിസത്തിലും സമത്വം എന്നൊന്ന് ഇല്ലെന്ന് മി. മേനോൻ സമ്മതിക്കുന്നു. എന്നാൽ ഒരു വ്യത്യാസമുണ്ട്. റഷ്യയിൽ ഒരു മനുഷ്യന്റെ കഴിവ് വിലയിരുത്തുന്നതും അവന് അർഹതയുള്ള പ്രതിഫലം നൽകുന്നതും സ്റ്റേറ്റാണ്. എന്നാൽ അമേരിക്കയിൽ ഈ അസമത്വം വീതിക്കുന്ന വിഷയത്തിൽ സ്റ്റേറ്റിന് പങ്കില്ല. അസാമാന്യമായ കഴിവുകളുള്ള ഒരാൾക്ക് മോട്ടോർ ക്ലീനറുടെ പണിയിൽനിന്നും മോട്ടോർ നിർമ്മാണശാലയുടെ ഉടമയായി ഉയരുവാൻ കഴിയും. സ്റ്റേറ്റ് നൽകുന്ന ഒരു മുറിയും അടുക്കളയുമുള്ള ഫ്ളാറ്റിൽ താമസിക്കുവാനുള്ള യാതൊരു സാദ്ധ്യതയും കഴിവുള്ള തൊഴിലാളിക്കില്ല. അവൻ രണ്ടുനിലക്കെട്ടിടത്തിൽ താമസിക്കുന്നു. മോട്ടോർ കാറിൽ വ്യവസായശാലയിലെ ശാരീരികമായ അദ്ധ്വാനത്തിനുപോകുന്നു. കഴിവനുസരിച്ച് ഉയരുവാനും, സുഖജീവിതം നയിക്കുവാനും, ധനമാർജ്ജിക്കുവാനും ഏതൊരു നിസ്സാരനും അവകാശമുണ്ട്. സ്റ്റേറ്റ് അതിലിടപെടുന്നില്ല. ഉപഭോക്താക്കൾക്ക് ആവശ്യമുള്ള സാധനങ്ങൾ എത്രവേണമെങ്കിലും അമേരിക്കയിലുണ്ട്. റഷ്യ പോലും ആഹാരത്തിനുള്ള ഗോതമ്പിന് അമേരിക്കയെയാണ് ആശ്രയിക്കുന്നത്. അമേരിക്ക ഭക്ഷണത്തിന് ആരേയും ആശ്രയിക്കുന്നില്ല.



ഞാൻ ഈ മുതലാളിത്ത വ്യവസ്ഥിതിയുടെ ആരാധകനല്ല. എന്നാൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്വർഗ്ഗരാജ്യമാണെന്ന് ആരെങ്കിലും വാദിക്കയാണെങ്കിൽ അതിനോടു യോജിക്കുവാൻ ഞാൻ തയ്യാറില്ല. ആഹാരവും കയറിക്കിടക്കുവാൻ ഒരു മേൽക്കൂരയും മനുഷ്യനാവശ്യമാണ്. എന്നാൽ മനുഷ്യജീവിതം നിലനിറുത്തുവാൻ ആഹാരം മാത്രംപോരാ. മനുഷ്യൻ വൈരുദ്ധ്യങ്ങളുടെ ഒരു കെട്ടാണ്. പട്ടാളച്ചിട്ടകൊണ്ട് അവൻ സംതൃപ്തനാകയില്ല. സ്വതന്ത്രമായ ജീവിതവും മറ്റുള്ളവർക്ക് ദോഷകരമല്ലാത്തവണ്ണം വ്യക്തിത്വം നിലനിറുത്തുവാനും തെറ്റ് തെറ്റെന്നു പറയുവാനുമുള്ള അവകാശവും അവന് ജന്മസിദ്ധമാണ്. അതു തടയുന്ന എല്ലാ വ്യവസ്ഥിതിയിലും ജീവിക്കേണ്ടിവരുന്നവരാണ് കണ്ണില്ലാത്ത കുരുടന്മാർ. മുതലാളിത്തത്തിനും സോഷ്യലിസത്തിനും കുറ്റങ്ങളും കുറവുകളുമുണ്ട്. കമ്മ്യൂണിസ്റ്റുകാർ വിശ്വസിക്കുന്നതുപോലെ സോഷ്യലിസം പുരോഗതിയുടെ അവസാനവാക്കാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതുപോലെതന്നെ മുതലാളിത്ത രാഷ്ട്രങ്ങളിലെ പല സംഭവങ്ങളും സാധാരണക്കാരന് വെറുപ്പുണ്ടാക്കുന്നവയാണ്. സോഷ്യലിസത്തിലും മുതലാളിത്തത്തിലുമുള്ള ദോഷഭാഗങ്ങൾ വസ്തുനിഷ്ഠമായി വിശകലനംചെയ്തു പരിശോധിച്ച് ഒന്നിനോടും ചേർച്ചയും വെറുപ്പും കൂടാതെ നിഷ്പക്ഷം വിലയിരുത്തുകയാണ് ബുദ്ധിജീവികൾ ചെയ്യുന്നത്. മുഖപ്പട്ടകെട്ടിയ കുതിരകളെപ്പോലെ ഇരുവശവുംനോക്കാൻ കഴിയാതെയും, ചുറ്റുപാടുമുള്ളതൊന്നും കാണാൻ കഴിയാതെയും മുന്നോട്ടു കുതിച്ചു പായുന്നവരാണ് പകുതികണ്ണുള്ളവർമാത്രമായ സിദ്ധാന്തവാദികൾ. സിദ്ധാന്തവാദികളെല്ലാംതന്നെ അന്ധരാണെന്ന് ഞാൻ വിശേഷിപ്പിക്കുന്നില്ല. എന്നാൽ, ചില മുൻവിധികളും സത്യങ്ങൾ മുഴുവൻ കണ്ണുതുറന്നു വീക്ഷിക്കുവാനുള്ള വൈമനസ്യവും, വസ്തുനിഷ്ഠമായിവസ്തുതകൾ വിലയിരുത്തുവാനുള്ള അവരുടെ കഴിവുകേടും കുപ്രസിദ്ധമാണ്. മോസ്കോയിൽ പലവട്ടംപോയിട്ടുള്ള മി. മേനോന് ഒരിക്കലും ന്യൂയോർക്ക് സന്ദർശിക്കണമെന്ന് തോന്നിയിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയായ പി. കെ. വാസുദേവൻ നായർ ന്യൂയോർക്കും മോസ്കോയും ക്യൂബയും സന്ദർശിച്ചിട്ടുണ്ട്. മി. മേനോന്റെ അമേരിക്കൻ സന്ദർശനത്തിനുള്ള വൈമുഖ്യം ചില മുൻവിധികളെ അടിസ്ഥാനമാക്കിയാണെന്ന് വിശ്വസിക്കുന്നതിൽ തെറ്റില്ല. ഒരു സംഗതി തീർത്തു പറയാം. ഒരു പ്രശ്നത്തിന്റെയും രണ്ടുവശങ്ങളും പരിശോധിക്കുവാൻ കമ്മ്യൂണിസ്റ്റുകൾ തയ്യാറില്ല. അതുകൊണ്ടുതന്നെയല്ലേ ദീർഘകാലം വിദേശരാജ്യങ്ങളിലെ അച്ചടിപോലും റഷ്യയിൽ നിരോധിച്ചിരുന്നത്. ഇന്നു പക്വതയും ബാഹ്യലോകവുമായുള്ള ബന്ധവും വർദ്ധിച്ചതോടുകൂടി വിഭിന്നാഭിപ്രായങ്ങൾ പരിശോധിക്കുവാൻ റഷ്യ തയ്യാറായിട്ടുണ്ട്. എങ്കിലും ജനങ്ങൾക്ക് ആ സ്വാതന്ത്ര്യം പൂർണ്ണമായി ലഭിച്ചിട്ടില്ല. ബുദ്ധിജീവികൾ എല്ലാ പ്രശ്നത്തിന്റെയും രണ്ടു വശങ്ങൾ മാത്രമല്ല, ആഴത്തിലും പരപ്പിലും അവ മുഴുവൻ പരിശോധിച്ച് എത്തിച്ചേരുന്ന നിഗമനങ്ങൾ, അന്ധതയുടെ ഫലമാണെന്ന് വ്യാഖ്യാനിക്കുന്നതാണ് അന്ധതയെന്ന് രേഖപ്പെടുത്തുവാൻ ഞാൻ മടിക്കുന്നില്ല. ബുദ്ധിജീവികളാണ് ലോകത്തിന്റെ സ്വർണ്ണ ഖനികൾ. ഇന്നുള്ള വിജ്ഞാനത്തിന്റെയും, ഗവേഷണങ്ങളുടേയും, പുരോഗതിയുടേയും കർത്താക്കൾ അവർതന്നെയാണ്. പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതും സിദ്ധാന്തവാദങ്ങളുടെ പൊള്ള തെളിയിക്കുന്നതും അവർതന്നെയാണ്. അതുകൊണ്ടാണ് സിദ്ധാന്തവാദികൾ അവരെ വെറുക്കുന്നതും അടച്ച് ദ്വേഷിക്കുന്നതും; വിരസമായ കലാസൃഷ്ടികളും സിനിമയും കാവ്യവും നിർമ്മിച്ച് പ്രചരണോപാധികളാക്കി ജനങ്ങളെ വഞ്ചിക്കുവാൻ എഴുത്തുകാരെ പ്രലോഭിപ്പിച്ച് വശത്താക്കുന്നതും. സിദ്ധാന്തവാദികൾക്ക് എഴുത്തു ഭയമാണ്. ഏതായാലും ബുദ്ധിജീവികളെ ദ്വേഷിക്കുന്നതും അവക്ക് അന്ധതകല്പിക്കുന്നതും സംസ്കാരരാഹിത്യമാണ്. അവസാനമായി ഒരു ചോദ്യം ചോദിക്കട്ടെ. ശ്രീമതി ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് മർദ്ദനഭരണം തുറന്നുവിട്ടപ്പോൾ ഒരു നല്ല വിഭാഗം ബുദ്ധിജീവികൾ ആ ഭരണത്തെ എതിർക്കുകയാണുണ്ടായത്. മി. അച്ചുതമേനോനെപ്പോലുള്ള സിദ്ധാന്തവാദികൾ, സ്ഥാനമാനങ്ങൾ വച്ചുസൂക്ഷിക്കാൻ വേണ്ടിയാകാം, അന്ധതനടിച്ച് മൗനംദീക്ഷിക്കുകയല്ലേ ചെയ്തത്? ബുദ്ധിജീവികൾക്ക് ഈ ഇരട്ടത്താപ്പ് വശമില്ല. തെറ്റ് അവരുടെ ദൃഷ്ടിയിൽ എന്നും തെറ്റു തന്നെയാണ്.



Digitized by Kerala Sahitya Akademi